ISSN:2583-2484

# ശാംഭവി

ത്രൈമാസിക

SHAAMBHAVI | Book 11 | April - June 2022 | Edition 2



# പത്രാധിപക്കുറിപ്പ്

പല ദിനങ്ങൾ നമ്മൾ അനുസ്മരിയ്ക്കാറുണ്ട്. ആചരിയ്ക്കാറുണ്ട്. ഓരോന്നിന്റെയും പ്രത്യേകതകളും നമുക്കറിയാം. അവയെല്ലാം ഈ ലോകത്തോട് നമ്മൾ കടപ്പെട്ടിരിയ്ക്കുന്നുവെന്ന് സൂചിപ്പിയ്ക്കുന്നു. മാതൃദിന മായാലും പരിസ്ഥിതിദിനമായാലും അവയെല്ലാം നമ്മുടെ സുസ്ഥിതിയ്ക്കും സന്തോഷത്തിനും ഉപകരിയ്ക്കുന്നുവെന്നും അവയുടെല്ലാം സംരക്ഷണ ത്തിലൂടെയാണ് നാം നമ്മുടെ കടം തിരിച്ചുവീട്ടേണ്ടതെന്നും നമ്മെ ഓർമ്മപ്പെടുത്തുന്നു. വർഷത്തിലെ ആ ഒരു ദിനം മാത്രമല്ല എല്ലാ ദിന ങ്ങളും അതിനുവേണ്ടിയുള്ളതാണ്. മനുഷ്യർ മാത്രമല്ല കടപ്പെട്ടിരിയ്ക്കുന്ന ത്. മറ്റു ജീവജാലങ്ങളും മനുഷ്യരോടും കടപ്പെട്ടിരിയ്ക്കുന്നു. അതായത് ഒരു കൊടുക്കൽ വാങ്ങൽ ബന്ധത്തിലൂടെയാണ് ഈ പ്രപഞ്ചത്തിന്റെ സുസ്ഥിതിയുടെ താളം നിലനിൽക്കുന്നത്. ഈ പ്രപഞ്ചത്തിന്റെ നിലനി ൽപ്പ് നമ്മുടെ ജീവിതസാഫല്യത്തിന്റെയും കാരണമാണ്. അതുകൊ ണ്ട് പ്രപഞ്ചസുസ്ഥിതിയ്ക്കുവേണ്ടി, ചില ധാർമ്മികമൂല്യങ്ങൾ നമ്മളിൽ ഊട്ടിയുറപ്പിയ്ക്കുന്നതിനുവേണ്ടി, പ്രകൃതിയിൽനിന്നുതന്നെയുള്ള ഉത്തമ മായ പാഠങ്ങൾ നമുക്ക് വഴികാട്ടും. അവ നമ്മുടെ സാഹിത്യകൃതികളി ലും ധാരാളമായി കാണാവുന്നതാണ്. അതിലൊന്ന് ഒരു സുഭാഷിതമാ ണ്. അതൊന്ന് ഇവിടെ അനുസ്മരിയ്ക്കാം.

***പരോപകാരായ ഫലന്തി വൃക്ഷാഃ***
***പരോപകാരായ വഹന്തി നദ്യഃ***
***പരോപകാരായ ദുഹന്തി ഗവഃ***
***പരോപകാരാർത്ഥമിദം ശരീരം.***

പ്രകൃതിയിലെ വൃക്ഷം, നദി, പശുക്കൾ എന്നിവ അവയ്ക്കുവേണ്ടി മാ ത്രമല്ല മറ്റുള്ളവർക്കുംകൂടി വേണ്ടിയാണ് പ്രവർത്തിയ്ക്കുന്നത് എന്ന് ഈ സുഭാഷിതം വ്യക്തമാക്കുന്നു. ജന്മസിദ്ധമായ കഴിവുകൾ പരോപകാര മായി തീരുമ്പോഴാണ് ജന്മസാഫല്യം അഥവാ യഥാർത്ഥ സുഖം ഉണ്ടാ വുക എന്നും നമ്മളെ ഉദ്ബോധിപ്പിക്കുന്നു. ഈയൊരു കാഴ്ചപ്പാടിന്റെ അനുസ്മരണത്തിലാവട്ടെ ശാംഭവീ വായന.

# ശാംഭവി
## ത്രൈമാസിക
സൌജന്യ വിതരണത്തിന്

പുസ്തകം 11 ലക്കം 46 ഏപ്രിൽ - ജൂൺ 2022



ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org



**എഡിറ്റോറിയൽ ബോർഡ്**

പ്രിന്റർ & പബ്ലിഷർ
**കെ.പി. ശ്രീധരൻ നമ്പൂതിരി**

എഡിറ്റർ
**ഡി. പ്രകാശ്**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ. അജിതൻ പി.ഐ.**

ഡെപ്യൂട്ടി എഡിറ്റർ
**ദാമോദർ നാരായണൻ സി.എൻ.**

അസിസ്റ്റന്റ് എഡിറ്റർ
**ഡോ. മുരളികൃഷ്ണൻ എം.വി.**

സബ് എഡിറ്റർ
**അനൂപ് കൃഷ്ണൻ എസ്.യു.**

പുറംചട്ട രൂപകല്പന
**ഉണ്ണി കൊണ്ടമറുക്**

അക്ഷരവിന്യാസം, രൂപകല്പന
**രവി പാറക്കുന്നം, തൃശ്ശൂർ**

മുദ്രണം
**മമ ഓഫ് സെറ്റ് പ്രിന്റ്**
നട, ഇരിങ്ങാലക്കുട


# വിഷയവിവരം


1. ഷട്ത്രിംശന്നവമല്ലികാസ്തവഃ
**2**

2 സംസ്കൃതപാഠം (49)
**4**

3. കുട്ടികളുടെ വാല്മീകിരാമായണം (30)
**9**

4. ഔഷധസസ്യങ്ങൾ (36) നീർമരുത്
**11**

5. സ്തുതികുസുമാഞ്ജലി (9)
**13**

6. പര്യന്തപഞ്ചാശിക
**18**

7. പരമാർത്ഥസാരം (17)
**25**

8. താന്ത്രികവൈഷ്ണവദർശനം
**29**

# ഷട്ത്രിംശന്നവമല്ലികാസ്തവഃ

സമ്പാദക : അപർണ്ണാദേവി എ.

*സോമാർക്കമഹീജലാഗ്നിമരുദാകാശാത്മദേഹൈഃ സദാ*
*സർവം വിശ്വമിദം ദധത്യപി പരം നിർദേഹലേപാദ്ഭുതം*
*യാ വേദാഗമശാസ്ത്രമൂലഗുരുരപ്യവ്യാജമൗനാത്മികാ*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*സൂക്ഷ്മാത് സൂക്ഷ്മതമാ വിഭോർവിഭുതമാ യാ മധ്യമാ സർവദാ*
*ശ്രോത്രാദേഃ ശ്രവണാദിരാത്മിനി ചിദാഭാസോ മതൗ പ്രേരികാ*
*വിശ്വോ ജാഗ്രതി തൈജസഃ പരമഭൃത് സ്വപ്നേ സുഷുപ്തൗ സുഖം*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*നിർദോഷാ സകലാന്തരങ്ഗരമണീയാപ്യദ്ഭുതം നിഷ്ക്രിയാ*
*യാ സർവേന്ദ്രിയകർമകർത്ര്യപി സതാം പാശാഷ്ടകച്ഛേദിനീ*
*നിർലോഭാ നിഖിലപ്രപഞ്ചമമതാഹംതാത്മികാപ്യദ്വയീ*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*അധ്വാതീതചരിത്രവത്യപി സതാം സന്മാർഗസന്ദർശിനീ*
*യാ പൂജാവിമുഖീ നൃണാം നിജപദാചാര്യാം നിയന്ത്രീ പരം*
*സർവാഹങ്കൃതിരൂപിണീ നതജനാഹങ്കാരവിച്ഛേദിനീ*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*യാ പഞ്ചാനനമഞ്ചമധ്യവിലസത്കാമേശ്വരാങ്കസ്ഥിതാ*
*നിത്യാ പൂജിതപാദപദ്മയുഗളാ നിത്യോത്സവാഹ്ലാദിനീ*
*സർവാനന്ദഗൃഹോജ്ജ്വലാ ഗുരുകൃപാപീയൂഷദൃഗ്ഗോചരാ*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*നൈഷ്കർമ്യാ സ്വയമപ്യഹോ നിജകൃപാപാത്രസ്യ യത് സഞ്ചിതം*
*പ്രാരബ്ധം ക്ഷപയത്യനന്യഗതികം തം യാകരോദ്ദേവതാം*
*നിർധർമണ്യപി സർവദാ നിജനതായാനന്ദദായിന്യഹോ*

താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ

യാ ബ്രഹ്മാണ്ഡജഗത്പ്രസൂരപി സദാ താരുണ്യവത്യദ്ഭുതം
സർവൈശ്വര്യരതാപി ഗർവമദമാത്സര്യാദിഹീനാ പരം
ത്രൈലോക്യേശ്വരരാജ്ഞ്യപി ശ്രിതജനൈർദത്തം പ്രഗൃഹ്ണാത്യഹോ
താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ

യാ ഭക്തോത്തമചേതസശ്ചപലതാം ഹന്ത്രീ കുരങ്ഗേക്ഷണാ
ചിത്രം കാമരിപോർമനശ്ചപലതാം ദാത്രീ സ്വരൂപേണ ച
മോഹം ഹന്തി നതസ്യ മന്ദഹസിതൈർമോഹം വിധത്തേ വിഭോ-
സ്താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ

യസ്യാഃ പദ്മദളായിതാക്ഷികരുണാപാത്രാണി വാണ്യാദയ-
സ്തത്തത്കാര്യപരാ ഭവന്തി കൃതിനോ ബ്രഹ്മേന്ദ്രരുദ്രാദയഃ
യസ്യാഃ പാദസരോജസേവനപരാ നന്ദന്ത്യഹോ സിദ്ധയ-
സ്താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ

ദിവ്യശ്രീചരണാരവിന്ദവിഗളത്പീയൂഷസർപിഃ പ്ലുതം
ജ്ഞാനാഗ്നൗ സുമനഃസ്രുചാ ജഡമിദം ദൃശ്യം തപഃസംസ്കൃതം
യസ്യൈ ഭക്തിസതീസമന്വിതാബുധാ ജുഹ്വത്യജസ്രം പരം
താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ

യാ ശൃങ്ഗാരഗുരൂപദേശനഗുരുഃ ശ്രീകാമജേതുഃ സദാ
കാരുണ്യാമൃതവൃഷ്ടിപൂർണജലമുക് ശ്രീനീലകണ്ഠപ്രിയാ
പഞ്ചേഷോർവിജയശ്രിയോ ധ്വജപടീ യാ ശാന്തിസീമാനടീ
താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ

വിദ്യോദ്യാനമരാളികാ പരശിവോത്സങ്ഗോല്ലസച്ഛാരികാ
മേനാപുണ്യസുപഞ്ജരാശ്രിതശുകീ കാത്യായനീ യാംബികാ
ശ്രീപാണ്ഡ്യേശ്വരകീർത്തികല്പലതികാ കാഞ്ചീപുരീനായികാ
താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ

ലോകാനാം പരമൗഷധം ഭവഗദധ്വംസായ വിദ്യാപ്തയേ
മൂകാനാമമൃതാബ്ധിവീചികവിതാപാണ്ഡിത്യസീമാപ്തയേ

*നിസ്ത്രൈഗുണ്യപരാത്പരസ്യ മദനോദ്രേകായ ചിത്രം ച യാ*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*നിത്യൈശ്വര്യവതീ മഹാഗുണവതീ സത്പുത്രസമ്പദ്വതീ*
*സത്സൗഭാഗ്യവതീ പതിപ്രിയവതീ പ്രാജ്ഞേശ്വരീ പാർവതീ*
*സത്സൗന്ദര്യവതീ ശിവവ്രതവതീ സാധ്വീ ച യാ  ശാശ്വതീ*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*ഷട്ത്രിംശന്നവമല്ലികാസ്രജമിമാം ത്യാഗേശപാദാർപിതാം*
*പ്രജ്ഞാസൂത്രസുഗുംഭിതാം ഗുരുകൃപാനന്ദാമൃതാപ്ലാവിതാം*
*യോ ധത്തേ ഹൃദി മൂർധ്നി നിശ്ചലധിയാ ശ്രോത്രേണ വാചാഥവാ*
*തസ്മൈ ദാസ്യതി ദേവതാ ശിവപദം സത്പുത്രസമ്പത്സുഖം*

# സംസ്കൃതപഠനം (49)

ഡി. പ്രകാശ്

(കഴിഞ്ഞ ലക്കം തുടർച്ച)

## രഘുവംശശ്ലോകം

*സേനാ പരിച്ഛദസ്തസ്യ*
*ദ്വയമേവാർഥസാധനം*
*ശാസ്ത്രേഷ്വകുണ്ഠിതാ ബുദ്ധിർ*
*മൗർവീ ധനുഷി ചാതതാ        18*

പദങ്ങൾ : സേനാ പരിച്ഛദഃ തസ്യ ദ്വയം ഏവ അർഥസാധനം ശാസ്ത്രേഷു അകുണ്ഠിതാ ബുദ്ധിഃ മൗർവീ ധനുഷി ച ആതതാ

**വിഭക്ത്യാദികൾ :**

| | |
|---|---|
| സേനാ | ആകാരാന്തഃ സ്ത്രീലിംഗഃ പ്രഥമാ ഏകവചനം |
| പരിച്ഛദഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| തസ്യ | ദകാരാന്തഃ പുല്ലിംഗഃ ഷഷ്ഠീ ഏകവചനം |

| | |
|---|---|
| ദ്വയം | അകാരാന്തഃ നപുംസകലിംഗഃ പ്രഥമാ ഏകവചനം |
| ഏവ | അവ്യയം |
| അർഥസാധനം | അകാരാന്തഃ നപുംസകലിംഗഃ പ്രഥമാ ഏകവചനം |
| ശാസ്ത്രേഷു | അകാരാന്തഃ നപുംസകലിംഗഃ സപ്തമീ ഏകവചനം |
| അകുണ്ഠിതാ | ആകാരാന്തഃ സ്ത്രീലിംഗഃ പ്രഥമാ ഏകവചനം |
| ബുദ്ധിഃ | ആകാരാന്തഃ സ്ത്രീലിംഗഃ പ്രഥമാ ഏകവചനം |
| മൗർവീ | ആകാരാന്തഃ സ്ത്രീലിംഗഃ പ്രഥമാഏകവചനം |
| ധനുഷി | ഷകാരാന്തഃ നപുംസകലിംഗഃ സപ്തമീ ഏകവചനം |
| ച | അവ്യയം |
| ആതതാ | ആകാരാന്തഃ സ്ത്രീലിംഗഃ പ്രഥമാഏകവചനം |

## സമാസാദികാര്യങ്ങൾ :

| | |
|---|---|
| പരിച്ഛദഃ | പരിച്ഛാദ്യതേ അനേന ഇതി |
| അർഥസാധനം | അർഥസ്യ സാധനം |
| അകുണ്ഠിതാ | ന കുണ്ഠിതാ |

## ധാത്വാദികൾ :

ക്രിയപദം ഇവിടെ അദ്ധ്യാഹരിയ്ക്കപ്പെടുന്നു.

## പദാർത്ഥങ്ങൾ :

| | |
|---|---|
| സേനാ | ചതുരംഗസൈന്യം |
| പരിച്ഛദഃ | ഛത്രചാമരങ്ങൾ പോലുള്ള ഉപകരണം |
| തസ്യ | അദ്ദേഹത്തിന് |
| ദ്വയം | രണ്ടെണ്ണം |
| ഏവ | മാത്രം |
| അർഥസാധനം | പ്രയോജനത്തെ സാധിച്ച് തരുന്നത് |
| ശാസ്ത്രേഷു | ശാസ്ത്രങ്ങളിൽ |
| അകുണ്ഠിതാ | മന്ദതയില്ലാത്ത |
| ബുദ്ധിഃ | ബുദ്ധി |
| മൗർവീ | ഞാൺ |

| | |
|---|---|
| ധനുഷി | വില്ലിൽ |
| ച | ഉം |
| ആതതാ | മുഴുവനായും വ്യാപിയ്ക്കപ്പെട്ട(കയറ്റിയ,ചുറ്റിയ) |

## അന്വയം /ഗദ്യക്രമം :

തസ്യ അർഥസാധനം ദ്വയം ഏവ (അസ്തി). (ഏകം) ശാസ്ത്രേഷു അകുണ്ഠിതാ ബുദ്ധിഃ ( ഭവതി). (അപരം) ധനുഷി ആതതാ മൗർവീ ച (ഭവതി). (ഏവം തസ്യ) സേനാ പരിച്ഛദഃ ( ബഭൂവ).

## അന്വയാർത്ഥം :

അദ്ദേഹത്തിന് അർഥസാധനമായി രണ്ടെണ്ണം മാത്രം ആണ്. (ഒന്ന്) ശാസ്ത്രങ്ങളിൽ മന്ദതയില്ലാത്ത ബുദ്ധി (ആണ്). (മറ്റൊന്ന്) വില്ലിൽ ആരോപിയ്ക്കപ്പെട്ട ഞാൺ (ആണ്). (ഇപ്രകാരം അദ്ദേഹത്തിൻെറ) സൈന്യം അലങ്കാരമാത്രമായ ഉപകരണം (ആയി ഭവിച്ചിരിയ്ക്കുന്നു)

## സാരം :

ഒരു രാജാവിൻെറ കാര്യനിർവ്വഹണം പുത്രന്മാരെപോലെ കണ്ടുകൊണ്ട് പ്രജകൾക്ക് വിദ്യാദാനത്തിലൂടെ സ്വഭാവരൂപീകരണം ഭക്ഷ്യവിഭവമാർഗ്ഗദാനത്തിലൂടെ ആരോഗ്യരൂപീകരണം സൈന്യബലത്തിലൂടെ ബാഹ്യാഭ്യന്തരശത്രുനിർമ്മാർജനം എന്നിവ ചെയ്യുക എന്നതാണ്. ദിലീപമഹാരാജാവിന് ഇതിനായി രണ്ട് ഉപകരണങ്ങളാണുള്ളത്. അതിൽ ഒന്ന് നീതി തുടങ്ങിയ ശാസ്ത്രങ്ങളിൽ അവഗാഹവും അതിൻെറ പ്രയോഗങ്ങളിൽ മന്ദീഭാവമില്ലാത്തതും ഫലപ്രാപ്തിയുള്ളതുമായ ബുദ്ധിയാണ്. മറ്റൊന്ന് സദാ ജാഗരൂകതയെ കാണിയ്ക്കുന്നവിധം ഞാൺ വലിച്ച് കെട്ടിയ വില്ല് കയ്യിലുള്ളതുമാണ്. എന്നാൽ ചതുരംഗസൈന്യം അദ്ദേഹത്തിന് ഛത്രതാമരാദികളെപ്പോലെ അലങ്കാരത്തിന് മാത്രമായിട്ടുള്ളതായി ഭവിച്ചിരിയ്ക്കുന്നു. എന്തെന്നാൽ നീതി തുടങ്ങിയശാസ്ത്രങ്ങളിലുള്ള സാമർത്ഥ്യം കൊണ്ടും ആയോധനസാമർത്ഥ്യം കൊണ്ടും രാജധർമ്മമെല്ലാം നടത്തിപോന്നിരുന്നു. തൻെറ സൈന്യത്തെ ഒരിടത്തും പ്രയോജനപ്പെടുത്തേണ്ടിവന്നിട്ടില്ല. അവ ദിലീപമഹാരാജാവിന് വെൺകൊറ്റക്കുട, ചാമരം എന്നിവപോലെ ശോഭയെ വർദ്ധിപ്പിയ്ക്കുന്നതിനായി മാത്രമായിരുന്നു. ഇത് അദ്ദേഹത്തിൻെറ രാജനൈപുണ്യത്തെ വെളിവാക്കുന്നു.

***തസ്യ സംവൃതമന്ത്രസ്യ***
***ഗൂഢാകാരേങ്ഗിതസ്യ ച***
***ഫലാനുമേയാ പ്രാരംഭാഃ***

*സംസ്കാരാഃ പ്രാക്തനാ ഇവ 18*

**പദങ്ങൾ :**

തസ്യ സംവൃതമന്ത്രസ്യ ഗൂഢാകാരേങ്ഗിതസ്യ ച ഫലാനുമേയാഃ പ്രാരംഭാഃ സംസ്കാരാഃ പ്രാക്തനാഃ ഇവ

**വിഭക്ത്യാദികൾ :**

| | |
|---|---|
| തസ്യ | അകാരാന്തഃ പുല്ലിംഗഃ ഷഷ്ഠീ ഏകവചനം |
| സംവൃതമന്ത്രസ്യ | അകാരാന്തഃ പുല്ലിംഗഃ ഷഷ്ഠീ ഏകവചനം |
| ഗൂഢാകാരേങ്ഗിതസ്യ | അകാരാന്തഃ പുല്ലിംഗഃ ഷഷ്ഠീ ഏകവചനം |
| ച | അവ്യയം |
| ഫലാനുമേയാഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ബഹുവചനം |
| പ്രാരംഭാഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ബഹുവചനം |
| സംസ്കാരാഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| പ്രാക്തനാഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ഇവ | അവ്യയം |

**സമാസാദികാര്യങ്ങൾ :**

| | |
|---|---|
| സംവൃതമന്ത്രസ്യ | സംവൃതഃ മന്ത്രഃ യസ്യ സഃ |
| ഗൂഢാകാരേങ്ഗിതസ്യ | ആകാരഃ ച ഇങ്ഗിതം ച ആകാരേങ്ഗിതേ.<br>ഗൂഢേ ആകാരേങ്ഗിതേ യസ്യ സഃ.തസ്യ.<br>അഥവാ<br>ഗൂഢേ ആകാരേങ്ഗിതേ യേന സഃ. തസ്യ. |
| പ്രാക്തനാഃ | പ്രാക് ഭവാഃ |
| ഫലാനുമേയാഃ | അനുമാതും യോഗ്യാഃ<br>ഫലൈഃ അനുമേയാഃ |

**ധാത്വാദികൾ :**

ക്രിയപദം ഇവിടെ അദ്ധ്യാഹരിയ്ക്കപ്പെടുന്നു.

**പദാർത്ഥങ്ങൾ :**

| | |
|---|---|
| തസ്യ | അദ്ദേഹത്തിൻെറ |

| | |
|---|---|
| സംവൃതമന്ത്രസ്യ | മൂടിവയ്ക്കപ്പെട്ട കാര്യാലോചനയോട് കൂടിയ വൻെറ |
| ഗൂഢാകാരേങ്ഗിതസ്യ | ഉള്ളിലിരുപ്പും അതിനെ വ്യക്തമാക്കുന്ന ചേഷ്ടക ളെയും ഗൂഢമാക്കി വച്ചവൻ |
| ച | ഉം |
| ഫലാനുമേയാഃ | ഫലങ്ങളാൽ ഊഹിയ്ക്കപ്പെണ്ടേവ |
| പ്രാരംഭാഃ | പ്രവൃത്തികൾ |
| സംസ്കാരാഃ | സംസ്കാരങ്ങൾ |
| പ്രാക്തനാഃ | മുജ്ജന്മങ്ങളിൽ ഭവിച്ചവ |
| ഇവ | പോലെ |

## അന്വയം /ഗദ്യക്രമം :

സംവൃതമന്ത്രസ്യ ഗൂഢാകാരേങ്ഗിതസ്യ ച തസ്യ പ്രാരംഭാഃ പ്രാക്ത നാഃ സംസ്കാരാഃ ഇവ ഫലാനുമേയാഃ (ഭവന്തി ).

## അന്വയാർത്ഥം :

സംവൃതമായ മന്ത്രത്തോട് കൂടിയവനും ആകാരേങ്ഗിതങ്ങൾ ഗൂഢമാ ക്കി വച്ചവനുമായ അദ്ദേഹത്തിൻെറ പ്രാരംഭങ്ങൾ പ്രാക്തനങ്ങളായ സം സ്കാരങ്ങൾ പോലെ ഫലങ്ങളാൽ അനുമേയങ്ങളായവ (ആകുന്നു ).

## സാരം :

ദിലീപമഹാരാജാവ് താൻ ആവിഷ്ക്കരിയ്ക്കാൻ പോകുന്ന പദ്ധതികളെ പ്പറ്റി നടത്തുന്ന കാര്യാലേചന മൂന്നാമതൊരാൾ അറിയാതെ മൂടിവയ്ക്കുന്നവ നാണ്. "മന്ത്രമൂലം യതോ രാജ്യമതോ മന്ത്രം സുരക്ഷിതം. കുര്യാദ് യഥാ തന്ന വിദുഃ കർമണാം ആ ഫലോദയാത്." എന്ന യാജ്ഞവാല്ക്യസ്മൃതിയെ പ്രാവർ ത്തികമാ ക്കുന്നവനാണ് അദ്ദേഹം. കാര്യാലോചന സുരക്ഷിതമായിരുന്നാൽ മാത്രമേ രാജ്യം സുരക്ഷിതമായിരിയ്ക്കുകയുള്ളൂ. അതുകൊണ്ട് ആ കാര്യാലോച നപ്രകാരം ആരംഭിയ്ക്കുന്ന പ്രവൃത്തികളുടെ ഫലം ഉണ്ടാകുന്നതുവരെ മൂന്നാമ തൊരാൾ അറിയാൻ പാടില്ല. അപ്രകാരം മന്ത്രിമാരുമായി നടത്തുന്ന കൂടിയാ ലോചന അദ്ദേഹം ഗോപ്യമായി വച്ചിരുന്നു. അതുപോലെ തൻെറ ഇംഗിതം അതായത് ഉള്ളിലിരുപ്പും അതിനെ വ്യക്തമാക്കുന്ന ചേഷ്ടകൾ അതായത് പുരികം ചുളിക്കൽ, മുഖം ചുവക്കൽ തുടങ്ങിയവയും പുറത്ത് കാണിയ്ക്കാതെ ഗൂ ഢമാക്കി അദ്ദേഹം വയ്ക്കുന്നു. മേൽപ്പറഞ്ഞവകൊണ്ടാണ് പ്രവൃത്തികളെ അനുമാനിയ്ക്കാൻ സാധിയ്ക്കുക. എന്നാൽ ദിലീപൻെറ കാര്യത്തിൽ ഇത് സാധ്യ

മല്ലെന്നർത്ഥം. സാമദാനാദി ചതുരുപായങ്ങളാണല്ലോ ഒരു രാജാവിൻെറ മുഖ്യപ്രവൃത്തികൾ. അവ ഫലമുണ്ടായതിനുശേഷമേ അറിയാൻ ദിലീപൻെറ കാര്യത്തിൽ സാധിയ്ക്കമായിരുന്നുള്ളൂ. ഓഹോ ഇതൊക്കെ ഇതിനായിരുന്നുവോ എന്ന അവസ്ഥയാണത്. ഇതിനു ഒരു ഉപമ ഇവിടെ പറയുന്നത് ഒരാളുടെ മുജ്ജന്മസംസ്കാരങ്ങൾ പോലെയെന്ന്. ഒരാളുടെ പ്രവൃത്തികളുടെ ഫലംകൊണ്ടു മാത്രമേ അയാളുടെ മുജ്ജന്മസംസ്കാരങ്ങളെ അറിയാൻ സാധിയ്ക്കുകയുള്ളൂ.

(തുടരും)

# കുട്ടികളുടെ
# വാല്മീകിരാമായണം  30

ഉണ്ണികൃഷ്ണൻ കിഴുത്താനി    ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും
മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(കഴിഞ്ഞലക്കത്തിൽനിന്നും തുടർച്ച)

പ്രിയ ശാംഭവി കൂട്ടുകാരേ,

മാനസികാരോഗ്യം മതിവരുവോളം പകർന്നു തരുന്ന വാല്മീകിരാമായണത്തിൽ ധർമ്മാധർമ്മ ചിന്തകളുടെ സമാഹാരങ്ങളാണ് നമ്മെ കാത്തിരിയ്ക്കുന്നത്. ധാർമ്മികതയുടെ ഉടലെടുത്ത പ്രതിരൂപമെന്ന് വിശേഷിപ്പിയ്ക്കാവുന്ന 'സുധീക്ഷ്ണമഹർഷി'യുടെ വിലയേറി വാക്കുകൾ, സീതാദേവിയിൽ പുതിയ ചില ആശയങ്ങൾ, മാനുഷിക പരിഗണനയ്ക്ക് ഇണങ്ങുംവിധം ഇടംപിടിച്ചു.

ധർമ്മമെന്നത് ഇരുതലമൂർച്ചയുള്ള വാളാണ്. അതീവ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യാത്തപക്ഷം, അനുഭവപ്പെടുന്ന അനർത്ഥങ്ങൾ അനവധിയാണെന്ന് പ്രിയതമനെ ഓർമ്മിപ്പിയ്ക്കുന്നു. ആഗ്രഹങ്ങളിൽനിന്നുത്ഭവിയ്ക്കുന്ന മൂന്നു വ്യസനങ്ങൾ : മിഥ്യാപവാദവും പരദാരഗമനവും വൈരംവിനാരൗദ്രതയുമാണ്. ആദ്യത്തെ രണ്ടും അങ്ങയെ സ്പർശിയ്ക്കുകപോലുമില്ലെന്ന് പ്രിയപത്നി തറപ്പിച്ചു പറയുന്നു. പക്ഷേ, ഒരിയ്ക്കൽപ്പോലും നമുക്കുപദ്രവമേല്പിയ്ക്കാത്ത രാക്ഷസകുലത്തെ ഇല്ലായ്മ ചെയ്തുകൊള്ളാമെന്ന് ദണ്ഡകാരണ്യവാസികളോട് വീണ്ടുവിചാരമില്ലാതെ ചെയ്ത പ്രതിജ്ഞ തന്നെ ഭയചകിതയാക്കുന്നു

വെന്നും സീത തുറന്നു പറഞ്ഞു. അതിന് അടിസ്ഥാനമായി സത്യവാനും തപസ്വിയുമായ മഹർഷിവര്യന്റെ ദയനീയ ചരിതം ചുരുൾനിവർത്തുകയാണ് പതിവ്രതാരത്നമായ സീതാദേവി. ഇദ്ദേഹത്തിന്റെ തപോനിഷ്ഠയിൽ അസൂയാലുവായി തന്റെ ദേവേന്ദ്രപദവി നഷ്ടമാകുമെന്ന് ഭയപ്പെട്ട് ദേവേന്ദ്രൻ ഒരു പടയാളിയുടെ വേഷത്തിൽ ആശ്രമത്തിലെത്തി ഒരു മൂർച്ചയേറിയ വാൾ സൂക്ഷിയ്ക്കാനേല്പിച്ചു. അതീവ ശ്രദ്ധയോടെ വാൾ സൂക്ഷിയ്ക്കണമെന്ന നിർദ്ദേശവും നൽകി. ഈ വാഗ്ദാനം പാലിയ്ക്കാനായി മഹർഷിവര്യൻ പോകുന്നിടത്തെല്ലാം വാളും കൊണ്ടുപോകുമായിരുന്നു. തപസ്സും വാളും ഒരിയ്ക്കലും ചേർന്നുപോകയില്ലെന്ന് കൂട്ടുകാർക്കറിയാമല്ലോ. ക്രമേണ ഇത് അദ്ദേഹത്തിന്റെ ഒരു ഭാഗമായി മാറി. തുടർന്ന് ദീർഘകാലംകൊണ്ട് സ്വായത്തമാക്കിയ തപശ്ശക്തിയ്ക്ക് ഭംഗം വരികയും ഏറ്റവും വിലപ്പെട്ടത് നഷ്ടപ്പെടാനിടവരികയും ചെയ്തു. ഫലമോ ദേവേന്ദ്രന്റെ മനോഭിലാഷം പൂത്തുപടർന്ന് പന്തലിച്ചു.

അഗ്നിയോടടുക്കുന്നതുപോല അകലം പാലിച്ചു പ്രവർത്തിയ്ക്കാത്തപക്ഷം മറ്റുള്ളവരുടെ ആത്മരക്ഷാർത്ഥം ആയുധമെടുക്കുന്നത് വളരെ സൂക്ഷ്മതയോടെ ചെയ്യേണ്ടതാണെന്നും പ്രിയപത്നി ഓർമ്മിപ്പിയ്ക്കുന്നു. ഹിംസ ഒന്നിനും പരിഹാരമല്ലെന്ന മഹത്തായ ആശയം ഒന്നുകൂടി അടിവരയിട്ട് ഉറപ്പിയ്ക്കുകയാണ് ഭൂമിപുത്രി. മാത്രമല്ല, വേദങ്ങളിൽപ്പോലും ഭരണാധികാരികൾക്ക് നേർവഴി കാണിച്ചുതരുന്ന സുചരിതകളായ സ്ത്രീരത്നങ്ങളെ നമുക്കു സുപരിചിതമാണ്. സീതാദേവിയുടെ ഈ സദുപദേശം ഈ കാലഘട്ടത്തിലും ഏറെ പ്രസക്തമാണ്. മറ്റുള്ളവർക്കുവേണ്ടി അനാവശ്യമായി മറ്റുള്ളവരെ ഉപദ്രവിയ്ക്കുകയും ജീവഹാനി വരുത്തുകയും ചെയ്തുകൊണ്ടിരിയ്ക്കുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരികയാണല്ലോ. അമിതമായ അധികാരവും സമ്പത്തും അല്പബുദ്ധികളെ പലപ്പോഴും സ്ഥലകാലബോധമില്ലാത്തവരാക്കി മാറ്റുന്നു. 'വിവേകമുള്ളവരാകട്ടെ വിവേചനപൂർവ്വം ഈ പ്രതിസന്ധികളെ നിഷ്പ്രയാസം തരണം ചെയ്യുന്നു' എന്ന സീതാദേവിയുടെ വാക്കുകൾ ഏറെ പ്രശംസനീയമാക്കിയിരിയ്ക്കുന്നു വാല്മീകി മഹർഷി. ശാംഭവി വായനക്കാരായ കൂട്ടുകാർ അതീവ ശ്രദ്ധയോടെ ഇക്കാര്യങ്ങളെല്ലാം മനസ്സിലാക്കി പ്രവർത്തിച്ചാൽ ജീവിതം കൂടുതൽ അർത്ഥപൂർണ്ണമായി മാറും തീർച്ച. ധർമ്മത്തിൽനിന്ന് അർത്ഥം ഉത്ഭവിയ്ക്കുന്നു. അങ്ങനെയാണ് സുഖമുണ്ടാകുന്നത്. അതുകൊണ്ടാണ് ധർമ്മമാണ് എല്ലാറ്റിനും അടിസ്ഥാനമായി വർത്തിയ്ക്കുന്നതെന്ന് നാം വിവക്ഷിയ്ക്കുന്നത്. ഇപ്രകാരമുള്ള ധർമ്മം സർവ്വസ്വവും പ്രദാനം ചെയ്യുമെന്ന ധർമ്മപത്നിയുടെ വിചിന്തിനത്തെ മാനിച്ചുകൊണ്ട് ശ്രീരാമചന്ദ്രൻ ഇപ്രകാരം പറഞ്ഞു. അശരണർക്ക് അഭയം നൽകുക ഏതൊരു ഭരണാധികാരിയു

ടേയും പ്രഥമവും പ്രധാനവുമായ കടമയാണ്. മാത്രമല്ല, ലോകനന്മയ്ക്കായി തപോനിരതരരായവരെ അവഗണിയ്ക്കുന്നത് ഏതർത്ഥത്തിലും അനീതിയാണെന്നദ്ദേഹം ഉറപ്പിച്ചും തറപ്പിച്ചും പറഞ്ഞു. അറിഞ്ഞും അറിയാതെയും ആർക്കും അനിഷ്ടകരങ്ങളായ യാതൊന്നുമനുഷ്ഠിയ്ക്കാത്തവരെ സംരക്ഷിയ്ക്കേണ്ടതിന്റെ ആവശ്യകത പ്രകൃതിതന്നെ വ്യക്തമാക്കുന്നുവെന്ന് ത്രികാലജ്ഞൻ കൂടിയായ ശ്രീരാമചന്ദ്രൻ പ്രിയപത്നിയെ ബോദ്ധ്യപ്പെടുത്തി. മാത്രമല്ല, തന്നെ സംബന്ധിച്ചിടത്തോളം പ്രതിജ്ഞാലംഘനം ഓർമ്മിയ്ക്കാൻപോലും വയ്യാത്ത അവസ്ഥയാണ്. ധാർമ്മികതയെ സംബന്ധിച്ച ശക്തമായ ഒരു വാദപ്രതിവാദ വേദിയാക്കി മാറ്റിയിരിയ്ക്കുകയാണ് ഔചിത്യപൂർവ്വം വാല്മീകിമഹർഷി ഇവിടെ ചെയ്തിരിയ്ക്കുന്നത്. മാത്രമല്ല, അലോസരം അനുഭവപ്പെടുത്താതെ അനുവാചകനിൽ അനുപമചിന്തകൾ എപ്രകാരമാണ് രൂപപ്പെടുത്തേണ്ടതെന്നതിന്റെ എക്കാലത്തേയും മാതൃക അഥവാ പാഠപുസ്തകമായികൂടി മാറിയിരിയ്ക്കുകയാണ് വാല്മീകി രാമായണം. അതുകൊണ്ടാണ് അതിവിപ്ലവകാരികൾ മുതൽ അറുപിന്തിരിപ്പന്മാർ വരെ ആശ്രയമായി അഭയസ്ഥാനമായി ഈ ആദ്ധ്യാത്മിക ഭണ്ഡാകാരത്തെ സമീപിയ്ക്കുന്നത്. ഭാരതീയതയുടെ അടിസ്ഥാന ശിലയും അധിഷ്ഠിതമായിരിയ്ക്കുന്നത് ആതിഥ്യമര്യാദയിലാണല്ലോ. ഈ ആതിഥ്യമര്യാദ ഭാരതീയന് പലതരത്തിലും വിധത്തിലുമുള്ള അനർത്ഥങ്ങൾക്ക് വഴി തുറന്നിട്ടുണ്ടെങ്കിലും മഹത്തരമായ പാരമ്പര്യത്തിന്റെ പന്ഥാവിലൂടെ പ്രയാണം ചെയ്യേണ്ടതിന്റെ ആവശ്യകത കൂടുതൽ വ്യക്തമാക്കുകയാണ് വാല്മീകിരാമായണം പോലുള്ള ഇതിഹാസകാവ്യങ്ങൾ.

(തുടരും)

ഔഷധസസ്യങ്ങൾ – 36

# നീർമരുത്

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

ഹൃദ്രോഗത്തിന് ഉത്തമ ഔഷധമാണ് നീർമരുത്. ഈ അടുത്ത കാലത്തു മാത്രമേ ഇതിന്റെ അനിതര സാധാരണമായ ഔഷധഗുണം ജനശ്രദ്ധ ആകർഷിച്ചിട്ടുള്ളു എന്നത് ആയുർവേദത്തോടുള്ള ഉന്നതരുടെ കാഴ്ചപ്പാട് വ്യക്തമാക്കുന്നു.

പാണ്ഡവരിൽ വില്ലാളിവീരനായിരുന്ന പാർത്ഥന് മരുതുമരത്തിന്റെ ച

വട്ടിലിരുന്ന് ശിവനെ തപസ്സു ചെയ്തപ്പോൾ ലഭിച്ച പേരാണ് അർജ്ജുനൻ. ഈ പേരിലാണ് ഈ ഔഷധവീര്യം ഏറെയുള്ള ചെടി അറിയപ്പെടുന്നത്. കോംബ്രിട്രേസി കുടുംബത്തിൽപ്പെട്ട ഇതിന്റെ ശാസ്ത്രനാമം ടെർമിനേലിയ അർജ്ജുന എന്നാണ്. സംസ്കൃതത്തിൽ അർജ്ജുന, കുകുദ എന്നീ പേരുകളുമുണ്ട്.

സമകാലീന സമൂഹത്തിൽ പലവിധത്തിലും തരത്തിലുമുള്ള ഹൃദയരോഗങ്ങൾ വെല്ലുവിളിയുയർത്തി വിരാജിയ്ക്കുകയാണിപ്പോഴും. ക്രമാതീതമായ രക്തസമ്മർദ്ദം മൂലമുണ്ടാകുന്ന ഹൈപ്പർ ടെൻഷൻ മാംസപേശികൾക്ക് പെട്ടെന്ന് വലിയ തോതിൽ നാശമുണ്ടാക്കി മരണംപോലും സംഭവിയ്ക്കാറുണ്ട്.

ഹൃദയത്തിന്റെ ശരിയായ പ്രവർത്തനത്തിനും ഉത്തേജനത്തിനും ഏറ്റവും അനുയോജ്യമാണ് നീർമരുതിൻതൊലി. ആയുർവേദാചാര്യന്റെ വാക്കുകൾക്ക് വിലകല്പിയ്ക്കാൻ നമ്മൾ വൈകിപ്പോയി. പത്തുഗ്രാം നീർമരുതിൻതൊലി ഉണക്കിപ്പൊടിച്ച് തേൻ മേമ്പൊടി ചേർത്ത് ദിവസേന അതിരാവിലെ സേവിയ്ക്കുന്നത് എല്ലാതരത്തിലുമുള്ള ഹൃദയരോഗങ്ങളേയും ചെറുത്തുനി ൽക്കാൻ സഹായിയ്ക്കും.

നീർമരുതിൻതൊലി 100 ഗ്രാം, ചിറ്റരത്ത 5 ഗ്രാം, തിപ്പലി 10 ഗ്രാം, ചുക്ക് 5 ഗ്രാം ഇവ നല്ലപോലെ ഇടിച്ചുപൊടിച്ച് ഒരു മൺകലത്തിൽ നാലുഗ്ലാസ് വെള്ളമൊഴിച്ച് തിളപ്പിച്ച് അതിൽ പകുതിയാക്കി അരിച്ചെടുത്ത് ദിവസേന 4 നേരം സേവിച്ചാൽ ശ്വാസകോശസംബന്ധമായ അസുഖങ്ങൾ അകന്നുപോകും.

നീർമരുത് ക്ഷയരോഗത്തിന് കൈകണ്ട ഔഷധമാണ്. 'ഭാവപ്രകാശം' എന്ന ആധികാരിക ആയുർവേദഗ്രന്ഥത്തിൽ നീർമരുതിൻതൊലി ഉണക്കിപ്പൊടിച്ച ചൂർണ്ണം ആടലോടകത്തിലനീരിൽ കുഴച്ച് സേവിച്ച് മീതേ ആട്ടിൻപാൽ കഴിയ്ക്കണമെന്ന് ചൂണ്ടിക്കാണിയ്ക്കുന്നു.

ഞെരിഞ്ഞൽ, തൊട്ടാവാടി, കടലാടി, മുള്ളങ്കി ഇവയോടൊന്നിച്ച് നീർമരുതിൻതൊലിയും ചേർത്ത് ഉപയോഗിയ്ക്കുന്നത് മൂത്രാശയക്കല്ല് ഇല്ലായ്മ ചെയ്യും. ഇതിന്റെ തൊലി തേനിൽ അരച്ചിട്ടാൽ മുഖക്കുരു എളുപ്പത്തിൽ മാറുമെന്ന് വാഗ്ഭടാനന്ദനും വ്യക്തമാക്കുന്നു.

പല്ലു വൃത്തിയാക്കുന്നതിന് നീർമരുതിൻതൊലി, കറിവേപ്പട്ട ഇവ സമമെടുത്ത് ഉണക്കിപ്പൊടിച്ച് പതിവായി പല്ലുതേച്ചാൽ ദന്തസംബന്ധമായ എല്ലാ രോഗങ്ങളും ഭേദമാകും.

(തുടരും)

ശ്രീ ജഗദ്ധരഭട്ട വിരചിതം

# സ്തുതികുസുമാഞ്ജലി (9)

ഡോ. മുരളീകൃഷ്ണൻ എം.വി.

## സ്തുതി – 53

*ശ്രീകണ്ഠസ്യസകൃത്തികാർത്തഭരണീമൂർത്തിഃസദാരോഹിണീ*
*ജ്യേഷ്ഠാഭദ്രപദാപുനർവസുയുതാചിത്രാവിശാഖാന്വിതാ*
*ദിശ്യാദക്ഷതഹസ്തമൂലഘടിതാഷാഢാമഘാലങ്കൃതാ*
*ശ്രേയോവൈശ്രവണാശ്രിതാഭഗവതോനക്ഷത്രപാലീവവഃ*

**അർത്ഥം** - ഗജചർമത്തോടുകൂടിയതും, ദീനരായ പ്രാണികൾക്ക് പോഷണത്തെ പ്രദാനം ചെയ്യുന്നവാൻ അവരുടെ സമീപത്തേക്ക് എത്തുന്നവനും, ബ്രഹ്മാദിദേവകൾക്ക് മൂലകാരണമായവനും, അതിമംഗളദായകനും, അഷ്ടവസുക്കളോടു കൂടിയവനും, ആശ്ചര്യദായകനും, സ്വാമികാർത്തികേയനോടു കൂടിയവനും, സ്വന്തം കരകമലത്തിൽ വ്രണമില്ലാത്ത പലാശദണ്ഡിനെ ധരിച്ചിരിക്കുന്നവനും, സഖാവായ കുബേരൻ പോലും ആശ്രയിക്കുന്ന ശങ്കരന്റെ മംഗളമയിയായ മൂർത്തി അശ്വിനി ആദി നക്ഷത്രക്കൂട്ടങ്ങൾക്കെന്ന പോലെ നിങ്ങൾക്കും പരമമായ കല്യാണത്തെ പ്രദാനം ചെയ്യട്ടെ.

## സ്തുതി – 54

*ഭിന്ദ്ധിക്ഷ്മാധരസന്ധിബന്ധമുദധേരംഭോഭരംജൃംഭയ*
*ക്ഷുന്ദ്ധിക്ഷ്മാപടലംദലത്ഫണിഫണാപീഠിലുഠത്സൗഷ്ഠവം*
*പിണ്ഡ്ഢിപ്രൗഢചപേടപാടിതരടത്താരാകുടുംബംനഭഃ*
*പ്രാരബ്ധോദ്ധതസാന്ധ്യതാണ്ഡവഇതിശ്രീഭൈരവഃപാതുവഃ*

**അർത്ഥം** - ആരുടെ ഗംഭീരമായ താണ്ഡവനൃത്തത്തിലാണോ സ്വന്തം വലിയ കൈകളാൽ പർവ്വതങ്ങളുടെ സന്ധിബന്ധനങ്ങളെ തുളച്ചുകയറുന്നത്, അതുപോലെ സമുദ്രത്തിലെ ജലത്തെ ഉയർത്തുന്നത്, അതുപോലെ പാദങ്ങളുടെഭാരത്താൽ ക്ഷീണിതനായ ശേഷനാഗം ഫണരൂപത്തിലുള്ള പീഠത്തിൽ നിന്നുംവീണ് ഭൂമിയെ ക്ഷയിപ്പിക്കുന്നത്, അപ്രകാരം വലിയവലിയ താഡനങ്ങളാൽ പൊടി ഉയർന്ന് താരാമണ്ഡലത്തോടുകൂടിയ ആകാശത്തിൽ പരക്കുന്നത്, ഇപ്രകാരം സന്ധ്യാസമയത്ത് അത്ഭുത താണ്ഡവനൃത്തം തുടങ്ങുന്ന ആ ഭൈരവരൂപധാരിയായ ഭഗവാൻ ശിവൻ എല്ലാ തടസ്സങ്ങളിൽ നിന്നും നിങ്ങളെ രക്ഷിക്കട്ടെ.

## സ്തുതി – 55

*ഭൃത്യൈവോസ്തുവിഡമ്ബിതസ്മിതരുതംമൂർധ്നോധൃതസ്വർധുനീ-*
*നിധ്വാനധ്വനദാനനൈരഭിനയേഭ്രഷാകപാലൈഃപ്രഭോഃ*
*ത്വങ്ഗത്തുമ്ബുരുനാരദാഹതനദദ്ഗമ്ഭീരഭേരീരവ-*
*വ്യാവല്ഗദ്ഗുഹവാഹബർഹിവിഹിതക്രീഡാനുസാരംവപുഃ*

**അർത്ഥം** - താണ്ഡവ നൃത്തസമയത്ത് ആരുടെ ശിരസ്സിൽ ധരിച്ചിരിക്കുന്നദേവഗംഗയുടെ കളകളാരവത്താൽ ശബ്ദമുഖരിതമാ സമയത്ത് ബ്രഹ്മകപാലങ്ങൾ ആരുടെ അട്ടഹാസ ശബ്ദമാണോ അനുകരിക്കുന്നത് (ഗംഗാപ്രവാഹത്തിന്റെ കളകളശബ്ദം കപാലങ്ങളിൽ സുന്ദരമായ പ്രതിധ്വനികളെ ഉണ്ടാക്കുന്നു, ആ പ്രതിധ്വനി ശിവാട്ടഹാസം എന്നപോലെ തോന്നിപ്പിക്കുന്നു), അതുപോലെ നൃത്തരംഗത്ത് ചുറ്റിക്കൊണ്ടിരിക്കുന്ന തംബുരു, നാരദൻ ഇവർ മുഴക്കുന്ന ഭേരികളുടെ ഗംഭീര ധ്വനികേട്ട് അതിസന്തോഷത്താൽ നൃത്തം ചെയ്ത മയിൽ ആരുടെ നാട്യക്രീഡയാണോ അനുകരിക്കുന്നത്, ആ ഭഗവാൻ ശിവന്റെദിവ്യശരീരം നിങ്ങൾക്ക് സകലമായ സമ്പത്തിയേയും പ്രദാനം ചെയ്യട്ടെ.

## സ്തുതി – 56

*ആദൗപാദതലേകൃതസ്ഥിതിരധോപ്രാപ്തഃകരാലമ്ബനം*
*വാല്ലഭ്യംശ്രുഭദൃങ്നിവേശനവശോത്പന്നംപ്രപന്നസ്തതഃ*
*അന്തേയേനശിരോധിരോഹണമഹാമാഹാത്മ്യമാപ്തോവിധുർ-*
*ഭൃത്യൈസഃക്രമവർധമാനമഹിമാസ്വാമിപ്രസാദോസ്തുവഃ*

**അർത്ഥം** - ഏതൊരു പ്രഭുവിന്റെ പ്രസാദത്തിനായിട്ടാണോ ചന്ദ്രൻ ആദ്യംസേവിക്കാനായിക്കൊണ്ട് പാദതലത്തിൽ ഇരുന്നു, പിന്നീട് അദ്ദേഹത്തിന്റെ കരകമലത്തിൽ ആശ്രയത്തെ പ്രാപിച്ചു, ശേഷം അദ്ദേഹത്തിന്റെ ഇടത്തേ കണ്ണിനെധരിച്ച് അദ്ദേഹത്തിന്റെ പ്രേമപാത്രമായി മാറി, അവസാനം പ്രഭുവിന്റെ (ശിവന്റെ) ശിരസ്സിൽ കയറി അനുപമമായ മഹിമയെ പ്രാപ്തമാക്കിയത്, ഇപ്രകാരം ശരണാഗതിയാകുന്ന മഹിമയാൽ ഉയർന്ന ഭഗവാൻ സദാശിവന്റെ ഉദാരമായ അനുഗ്രഹം നിങ്ങൾക്ക് ഭോഗമോക്ഷങ്ങളെ പ്രദാനം ചെയ്യട്ടെ.

## സ്തുതി – 57

*യസ്യൈകസ്യസുവർണസംഭൃതപദന്യാസാനവദ്യക്രമ-*
*വ്യക്തിഃപ്രേങ്ഖതിഗൗരനർഗളഗതിസ്വാച്ഛന്ദ്യഹൃദ്യാകൃതിഃ*
*പ്രഖ്യാതാദ്ഭുതസർഗബന്ധരചനാസംരബ്ധിരോജസ്വിനഃ*

*കാവ്യസ്യോദയഭ്രരസൗഭവതുവഃപ്രീത്യൈപുരാണഃകവിഃ*

**അർത്ഥം** - ശ്രീശിവന്റെ വാഹനമായ കാള എവിടെയൊക്കെയാണോ പോകുന്നത് അവിടെയെല്ലാം അതിന്റെ കാലിൽനിന്ന് സ്വർണ്ണം പൊഴിയും എന്ന് ശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്നു. ഈ അഭിപ്രായത്തിൽ കവിപറയുന്നു, ആ അദ്വിതീയനായ പരമേശ്വരന്റെ വാഹനം സുവർണപൂർണമായ പാദന്യാസത്താൽ അതിദിവ്യ വിക്ഷേപത്തെ ചെയ്ത്, അനിവാര്യ ഗമനത്താൽ പ്രാപ്തമായ സ്വാതന്ത്ര്യത്താൽ സുമനോഹരമായ ആകൃതിയോടുകൂടിയ വൃഷഭം സകല ഉല്ലാസത്തെയും ചെയ്യുന്നു, ഇത്തരത്തിൽ ആ സദാശിവന്റെ അത്ഭുതകരമായ സൃഷ്ടിക്രമത്തിന്റെ രചന അത്യന്തം സുപ്രസിദ്ധമാണ്. ആ അനാദി കവിയായ പരമേശ്വരൻ നിങ്ങൾക്ക് പരമമായ ആനന്ദത്തെ നൽകട്ടെ.

## സ്തുതി – 58

*രാകേന്ദോരപിസുന്ദരാണിഹൃദയഗ്രാഹിണിബാലാങ്ഗനാ-*
*മുഗ്ധാലാപകഥാമൃതാദപിപരംഹാരിണീഹാരാദപി*
*അപ്യുത്താലശിഖാലബാലവചസഃസംപൂർണകർണാമൃതം*
*സ്യന്ദിനീത്രിജഗദ്ഗുരോഃസ്തുതികഥസൂക്താനിപുഷ്ണാതിവഃ*

**അർത്ഥം** - പൂർണചന്ദ്രനേക്കാൾ അധികസുന്ദരവും, സുന്ദരിയായ യുവതിയുടെ അതിമധുരമായ കഥാലാപരൂപത്തിലുള്ള അമൃതിനേക്കാൾ അധിക പ്രിയമുള്ളതും, മുത്തുമാലയേക്കാൾ അധികം മനോഹരമായതും, മയിൽ കുഞ്ഞുങ്ങളുടെ ശബ്ദത്തിനേക്കാൾ അധികമായി കർണങ്ങളിൽ അമൃതത്തെ വർഷിപ്പിക്കുന്ന ആ ത്രിജഗദ്ഗുരുവായ ഭഗവാൻ ശങ്കരന്റെ സ്തുതികൾ നിങ്ങൾക്ക് പരിപുഷ്ടിപ്പെടുത്തട്ടെ.

## സ്തുതി – 59

*ശാണോല്ലീഢനവേന്ദ്രനീലമഹസിശ്രീകണ്ഠകണ്ഠസ്ഥലേ*
*സംസക്താകനകച്ഛവിർഗിരിസുതാദോഃകന്ദളീപാതുഃവഃ*
*യാമാലോക്യസനീരനീരദദലശിലഷ്യത്തഡിദ്വിഭ്രമ-*
*ഭ്രാന്ത്യാനോജ്ഝതിചണ്ഡതാണ്ഡവനവോല്ലേഖം ശിഖീഷാണ്മുഖഃ*

**അർത്ഥം** - ആരെ കണ്ടിട്ടാണോ കാർത്തികേയന്റെ വാഹനമായ മയിൽ കാർമേഘ സമീപത്ത് പതിച്ച ഇടിമിന്നലിന്റെ ഭ്രമത്തിലും സ്വന്തം താണ്ഡവനൃത്തത്തെ അവസാനിപ്പിക്കാത്തത്, അപ്രകാരം പുതിയ ഇന്ദ്രനീലമണിയുടെ കാന്തിക്ക് സമാനമായതും, ശ്രീസദാശിവന്റെ കണ്ഠസ്ഥലത്തുള്ള സുവർണനിറത്തിനു സമാനമായ ശ്രീപാർവതിയുടെ കൈകൾ ശ്രീപാർവതി ക്ഷീണിച്ചിരിക്കുമ്പോഴും നിങ്ങളെ എപ്പോഴും രക്ഷിക്കട്ടെ.

### സ്തുതി – 60

*യത്സർഗാഭരണായമാനവപുഷഃകേചിത്കകുത്കാമിനീ-*
*കർണാലങ്കരണായമാനയശസഃസ്വർഗായമാണശ്രിയഃ*
*ദുഷ്കാലാനലസന്നസജ്ജനസുധാവർഷായമോണോക്തയഃ*
*പ്രേക്ഷ്യന്തേമഹിമാ സ യസ്യകൃതാംശാർവഃസ്തവഃശം സ വഃ*

**അർത്ഥം** - ഈ സംസാരലോകത്ത് ഏതൊരാളുടെ ശരീരത്തിലാണോ ഈ സമസ്ത പ്രപഞ്ചത്തിനേയും ആഭരണമാക്കി അണിഞ്ഞിരിക്കുന്നത്, അതുപോലെഏതൊരാളാണോ യശസ്സ്, അഭിമാനം എന്നിവയെ സ്ത്രീകളുടെ കർണ്ണങ്ങളിൽ ആഭൂഷണമാക്കിയിട്ടുള്ളത്, ആരുടെ സമ്പത്താണോ സ്വർഗത്തിന്ന സമാനമായത്, ആരാണോ ഈ വർത്തമാന കലികാലമായ അഗ്നിയിൽ ദുഃഖിതരായ സജ്ജനങ്ങൾക്ക് സ്വന്തം ദിവ്യമായ വാക്കുകളാൽ അമൃതവർഷത്തെ നൽകി സന്തോഷിപ്പിക്കുന്നത്, ഇത്തരത്തിലുള്ള പരോപകാരികളായ ജനങ്ങളിൽ ആരുടെ മഹിമയാണോ നിറഞ്ഞിരിക്കുന്നത്, ആ ഭഗവാൻ സദാശിവന്റെ സ്തുതി ഞങ്ങൾക്ക് എല്ലായ്പ്പോഴും സുഖത്തെ പ്രദാനം ചെയ്യട്ടെ.

ഇതി കാശ്മീരമഹാകവി ശ്രീമജ്ജഗദ്ധരഭട്ടവിരചിതേ ഭഗവതോ മഹേശ്വരസ്യ സ്തുതികുസുമാഞ്ജലൗ ആശീർവാദാഖ്യം തൃതീയം സ്തോത്രം.

കാശ്മീരമഹാകവി ശ്രീജഗദ്ധരഭട്ടൻ രചിച്ച ഭഗവാൻ മഹേശ്വരന്റെ സ്തുതികുസുമാഞ്ജലിയിലെ ആശീർവാദം എന്ന് പേരായ മൂന്നാമത്തെ സ്തോത്രം.

# ചതുർത്ഥസ്തോത്രം

(നാലാം സ്തോത്രം)

മംഗളാഷ്ടകം

### സ്തുതി – 1

*കമ്ബുകൗസ്തുഭസുധാംശുവിഷാമൃതാനാം*
*സൗദര്യസൗഹൃദസുഖാനുഭവൈകധാമ*
*യത്സത്യധർമകൃതനിഃസ്പൃതിഘപ്രിതിഷ്ഠം*
*തന്മംഗളംദിശതുഹാരിഹരംവപുർവഃ*

**അർത്ഥം** - സത്യം (ഗരുഡൻ), ധർമം (കാള) ഇവരിൽ സുസ്ഥിരമായിരിക്കുന്ന ആ ഹരിഹരന്റെ ശരീരത്തിൽ ലക്ഷ്മി, പാഞ്ചജന്യ ശംഖ്, കൗസ്തുഭമണി എന്നിവയും കൂടാതെ ചന്ദ്രൻ, വിഷം, അമൃതം എന്നിവ പാരസ്പര സൗഹൃദ

ത്തോടെ സന്തോഷത്തോടെ ഒരേ നിവാസസ്ഥാനത്ത് വർത്തിക്കുന്നു. അർത്ഥമാക്കുന്നത് ഏതൊരു ശരീരത്തിലാണോ ഹരിരൂപം അർധശരീരത്തിൽ, അതായത് ശരീരത്തിന്റെ ഒരു പാർശ്വം ലക്ഷ്മി, ആ ലക്ഷ്മിയുടെ കയ്യിൽ പാഞ്ചജന്യശംഖ്, അതുപോലെ വക്ഷസ്ഥലത്ത് കൌസ്തുഭമണി ഇവ വസിക്കുന്നത്, മറ്റേ പാർശ്വത്തിൽ (ശിവരൂപത്തിലുള്ള അർധഭാഗത്തിൽ) ശിരസ്സിൽ ചന്ദ്രൻ, കണ്ഠത്തിൽ വിഷം, കയ്യിൽ അമൃത് എന്നിവ വസിക്കുന്നത്, ആ ഭഗവാൻ ശിവന്റെ ഹരിഹരരൂപം നിങ്ങൾക്ക് മംഗളത്തെ പ്രദാനം ചെയ്യട്ടെ.

## സ്തുതി – 2

*ആപീഡബന്ധനവിധൗശയനേ ച വർഷ്മ*
*പര്യാപ്തഭോഗവിഭവംബഹുമന്യമാനഃ*
*യത്രപ്രഹൃഷ്യതിതരാമുരഗാധിരാജ-*
*സ്തന്മംഗളംദിശതുഹാരിഹരംവപുർവഃ*

**അർത്ഥം** - ഏതൊരു ശരീരത്തിലെയാണോ ഒരു ഭാഗത്തെ ശിവരൂപമായ അർധഭാഗത്തിലെ ഇടതൂർന്ന ജടയെ കെട്ടുന്നതിനായിക്കൊണ്ടും, മറ്റേ ഭാഗത്തെ വിഷ്ണുരൂപമായ അർധഭാഗത്തിന് കിടക്ക ആയിട്ടും ഉപയോഗിക്കാൻ തന്റെ ശരീരം പര്യാപ്തമാണെന്നു കണ്ട് കൃതാർത്ഥനായ ശേഷനാഗം അത്യന്തംസന്തോഷവാനായി, ആ സദാശിവന്റെ ഹരിഹരസ്വരൂപം നിങ്ങൾക്ക് മംഗളത്തെ പ്രദാനം ചെയ്യട്ടെ.

## സ്തുതി –3

*അർധംയദുത്പലദളൈരുമയേന്ദുഗൗര-*
*മർധംശ്രിയാർചിതമലിദ്യുതിമാലതീഭിഃ*
*വിച്ഛിത്തിമേത്യനിമിഷേക്ഷണശുക്തിപേയാം*
*തന്മംഗളംദിശതുഹാരിഹരംവപുർവഃ*

**അർത്ഥം** - ഏത് ശരീരമാണോ ചന്ദ്രനേപ്പോലെ ശുദ്ധമായതും, ശരീരത്തിന്റെ ഒരു പാതി നീലത്താമരകളാൽ പാർവതിയാൽ പൂജിക്കപ്പെടുന്നതും വണ്ടിന്റെ കാന്തിയെപ്പോലെ വെളുത്തതും, അപ്രകാരം മറുപാതി ജാതിപുഷ്പങ്ങളാൽ ശ്രീലക്ഷ്മിയാൽ പൂജിക്കപ്പെടുന്നതും ദേവതകളുടെ നേത്രരൂപത്തിലുള്ള പാനപാത്രത്തിൽ നിന്ന് കുടിക്കാവുന്നതുമാണ് (നന്നായി കാണാവുന്നതും ദിവ്യശോഭപ്രാപ്തമായതുമാണ്). ആ സദാശിവന്റെ ഹരിഹരസ്വരൂപം നിങ്ങൾക്ക് സൌഖ്യത്തെ പ്രദാനം ചെയ്യട്ടെ.

(തുടരും)

# പര്യന്തപഞ്ചാശിക

ഡോ. അജിതൻ പി.ഐ.

(കഴിഞ്ഞ ലക്കം തുടർച്ച)

## ശ്ലോകം പതിനാല്, പതിനഞ്ച്

*പ്രമാണബുദ്ധിപ്രകരാ യത്ക്രിയായാ വികല്പനാഃ*
*സൈവ വിച്ഛിന്നവിച്ഛിന്നക്രിയാ ജ്ഞാനോദ്യമാ യഥാ*

*കർമ്മബുദ്ധ്യക്ഷതാം പ്രാപ്താ തദാസൌ പശുരുച്യതേ*
*ഇതീച്ഛയാ സ ഭഗവാൻ ഭൈരവഃ പരിമീയതേ*

**അർത്ഥം** - ഇന്ദ്രിയങ്ങൾ, ബുദ്ധി എന്നിവ ക്രിയാശക്തിയുടെ തന്നെ ഭേദങ്ങളാണ്. എപ്പോഴാണോ ക്രിയാശക്തി ജ്ഞാനോദ്യമയായിത്തീരുന്നത് അതേ ക്രയാശക്തിതന്നെ കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും ആയിത്തീരുന്നു. അപ്പോൾ ക്രിയാശക്തിയുടെ പാരമിത്യം സംഭവിച്ചയാളെയാണ് പശു എന്നുപറയുന്നത്. ഇപ്രകാരം സ്വേച്ഛയാൽ ശിവൻ പരിമിതനാകുന്നു.

**ഭാവാർത്ഥം** - എപ്പോഴാണോ ശിവൻ പരിമിതനായ പശുവായിത്തീരുന്നത് അപ്പോൾ ക്രിയാശക്തി ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളും ആയിത്തീരുന്നു. ശിവൻ പരിമിതനാവുന്നത് സ്വേച്ഛയാലാണ്. ശിവനല്ലാതെ വേറെ ഒരാൾ ഇല്ല എന്നതിനാൽ ശിവനെ പ്രവൃത്ത്യുന്മുഖമായി പ്രേരിപ്പിക്കാൻ വേറൊരാളില്ല.

## ശ്ലോകം പതിനാറ്

*മിതവൃത്തിസ്സതീ സാ ച ശക്തിസ്തമനുവർത്തതേ*
*തസ്യ വിദ്യേശസാദാഖ്യശിവതാസ്സംകുചിതസ്ഥിതേഃ*
*ദേഹപ്രാണബുദ്ധിശൂന്യപ്രമാതൃത്വമുപാഗമൻ*

**അർത്ഥം** - ആ ശക്തിയും പരിമിതയായി ശിവനെ പിന്തുടരുന്നു. ശിവൻ പരിമിതനാകുമ്പോൾ ദേഹ, പ്രാണ, ബുദ്ധി, ശൂന്യപ്രമാതാക്കളായിത്തീരുന്നു.

**ഭാവാർത്ഥം** - ചില ദാർശനികർ ദേഹത്തെയാണ് ആത്മാവായി കാണുന്നത്. മറ്റു ചിലരാകട്ടെ പ്രാണൻ, അല്ലെങ്കിൽ ബുദ്ധി, അല്ലെങ്കിൽ ശൂന്യം എന്നിവയെയാണ് ആത്മാവായി കാണുന്നത്. ഇതനുസരിച്ചും പ്രമാതൃഭേദങ്ങളുണ്ടാകുന്നു. ഈ പ്രമാതൃഭേദങ്ങളുണ്ടാകാനും കാരണം ശിവന്റെ പാരിമിത്യ

മാണ്.

## ശ്ലോകം പതിനേഴ്

*തസ്യാസാധാരണീ സൃഷ്ടിസ്തത്തന്നാനാവികല്പനാ*
*ശൈവസർഗോത്ഥസംസ്കാരസംസ്കൃതസ്യ തദാശ്രയാ*

**അർത്ഥം** - പല പല വികല്പങ്ങളോട് കൂടിയിട്ടുള്ളതാണ് അസാധാരണ മായ പാശവസൃഷ്ടി. ആ പാശവസൃഷ്ടിയാണ് ശൈവസൃഷ്ടിസംസ്കാരത്താൽ സംസ്കൃതനായ ഒരാൾ ചെയ്യുന്നത്.

**ഭാവാർത്ഥം** - പാശവസൃഷ്ടിയുടെ പ്രത്യേകത തന്നെ അവ വികല്പങ്ങൾ നിറഞ്ഞതാണെന്നാണ്. ശൈവദീക്ഷാസംസ്കാരങ്ങളെക്കൊണ്ട് സംസ്കരിക്കപ്പെട്ടുകഴിഞ്ഞ ഒരാളും വാസ്തവത്തിൽ പാശവസൃഷ്ടിതന്നെയാണ് ചെയ്യുന്നത്.

## ശ്ലോകം പതിനെട്ട്

*പ്രമാതൈവായമേ താവത്പ്രകാരോവഗ്രഹോത്സവേ*
*അവ്യഗ്രോ വർത്തതേ സ്വാത്മന്യവികല്പേ ചിദാത്മകേ*

**അർത്ഥം** - പ്രമാതാവായ ശിവൻ ചിദാത്മകസ്വരൂപമായ തന്നിൽ തന്നെയാണ് പലതായിത്തീരുന്നത്. അപ്പോഴും ശിവൻ തന്നിൽതന്നെ ഒരു മാറ്റവുമില്ലാതെ തുടരുന്നു.

## ശ്ലോകം പത്തൊൻപത്

*വത്സ പശ്യ ത്വമേവൈതദ് അദ്വയത്വേന സംവിദഃ*
*വിദിതം തന്മയം വിശ്വമന്യത്തുച്ഛമസദ്യതഃ*

**അർത്ഥം** - വത്സ, നിന്നിൽനിന്ന് ഭിന്നമല്ലാതെ അനുഭവിച്ചതായ പ്രപഞ്ചത്തെ സംവിത്സ്വരൂപമായി നീ കാണുക. പ്രകാശതത്വമല്ലാത്തതായി വേറെ ഒന്നില്ല തന്നെ. ഉണ്ടെങ്കിൽ അത് അസത് ആണ്. അതായത് നിലനിൽക്കുന്നതല്ല.

## ശ്ലോകം ഇരുപത്

*കിമുപായമിദം തത്വം യതോ അന്യന്നൈവ സംഭവി*
*അനന്യോപായമേതത്തദാത്മോപായം പ്രചക്ഷതേ*

**അർത്ഥം** - ഈ തത്വം ഏത് ഉപായത്തോട് കൂടിയതാണ്? ഇത് വേറെ ഒരുപായമില്ലാത്തതാണ്. അപ്രകാരം വേറെ ഉപായങ്ങളൊന്നുമില്ലാത്ത ആത്മോപായത്തെ പറയാൻ പോകുന്നു.

**ഭാവാർത്ഥം** - ഉപായങ്ങൾ നാലു തരത്തിലാണ്. അനുപായം, ശാംഭവോപായം, ശാക്തോപായം, ആണവോപായം. ഇവിടെ ഉപായങ്ങൾ ഒന്നുമില്ലാത്തത് എന്നതുകൊണ്ട് അനുപായത്തെയാണ് ഉദ്ദേശിക്കുന്നത്. ശക്തിപാതം കൊണ്ട് മാത്രം നിർവ്വികല്പമായ അനുഭവമുണ്ടാകുന്നു.

## ശ്ലോകം ഇരുപത്തൊന്ന്

*സംഹൃത്യ സർവ്വതശ്ചിന്താം അഹമിത്യനുശീലയൻ*
*അവികല്പാം സ്വസംവിത്തിം പ്രത്യക്ഷാം പ്രതിപദ്യതേ*

**അർത്ഥം** - എല്ലാ ചിന്തകളേയും സംഹരിച്ച് അഹം എന്ന ബോധത്തെ പരിശീലിച്ചു കഴിയുമ്പോൾ പ്രത്യക്ഷമായതും അവികല്പമായതുമായ സംവിത് ഉദയം ചെയ്യുന്നു.

**ഭാവാർത്ഥം** - ഈ ശ്ലോകത്തിലൂടെ ശാംഭവോപായം എന്താണെന്ന് പറയുന്നു. മാലിനീവിജയത്തിൽ ശാംഭവോപായത്തെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്.

*അകിഞ്ചിത് ചിന്തകസ്യൈവ ഗുരുണാ പ്രതിബോധതഃ*
*ജായതേ യഃ സമാവേശഃ ശാംഭവോസാവുദാഹൃതഃ (2. 23)*

ഇവിടെ ശാംഭവസമാവേശമെന്നാണ് പറയുന്നത്. ഗുരുവിനാൽ പ്രബുദ്ധനാക്കപ്പെട്ട് ചിന്താരഹിതനായ ഒരുവനുണ്ടാകുന്ന സമാവേശമാണ് ശാംഭവസമാവേശം. ഏതാണ്ട് ഈ അർത്ഥത്തിൽ തന്നെയാണ് ഇവിടെ ഈ ശ്ലോകത്തിൽ ശാംഭവോപായത്തെ പറഞ്ഞിരിക്കുന്നത്. ചിന്തകളില്ലാതിരിക്കുന്ന ഒരവസ്ഥയാണ് ശാംഭവോപായം. ഇത് സാദ്ധ്യമാകുന്നതാകട്ടെ ഗുരുവിന്റെ അനുഗ്രഹത്താലാണ്. അപ്പോഴുണ്ടാകുന്നത് നിർവ്വികല്പമായ ശുദ്ധബോധം മാത്രമാണ്. അതാണ് ശാംഭവോപായം.

## ശ്ലോകം ഇരുപത്തിരണ്ട്

*അനന്തൈതാവദാകാരസ്വീകാരേപ്യേകലക്ഷണാം*
*താം സംവിദമാവിശ്യ വികല്പാന്ന വികല്പയേത്*

**അർത്ഥം** - അനന്തമായ രൂപങ്ങൾ സ്വീകരിക്കുമ്പോഴും ഏതൊരു ബോധമാണോ മാറ്റമില്ലാതെ ഒരേ ലക്ഷണത്തോടെ നിലനിൽക്കുന്നത് ആ ബോധത്തെ ആവേശിച്ച് വികല്പങ്ങളൊന്നുമില്ലാതെ നിലകൊള്ളണം.

**ഭാവാർത്ഥം** - ഉപായങ്ങളെല്ലാം തന്നെ വികല്പസംസ്കാരത്തിന് വേണ്ടിയുള്ളതാണ്. വികല്പമെന്നാൽ ഭേദചിന്ത. ശാക്തോപായത്തിൽ ചിന്തകളെയാണ് സംസ്കരിക്കുന്നത്. ഭേദചിന്ത സംസ്കരിക്കപ്പെടുന്നതു വഴി വികല്പങ്ങൾ ഇല്ലാതാവുന്നു. വികല്പങ്ങൾ ഇല്ലാത്ത അവസ്ഥയാണ് നിർവ്വികല്പാവസ്ഥ. വി

കല്പസംസ്കാരം വഴി നിർവ്വികല്പാവസ്ഥയിലേക്ക് നയിക്കുന്നതാണ് ശാക്തോപായത്തിന്റെ വഴി.

## ശ്ലോകം ഇരുപത്തിമൂന്ന്

*ഖേചര്യാദിചതുസ്രോതോവാഹപൂർണ്ണാം മഹാഹ്രദം*
*വ്യോമേശ്വരീമാത്മചിതിം വിഗാഹ്യ ബ്രോഡയേജ്ജഡം*

**അർത്ഥം** - ഖേചരീ തുടങ്ങിയ ചതുസ്രോതോവാഹങ്ങളാലും പൂർണ്ണമായ വ്യോമേശ്വരിയിൽ ആത്മചൈതന്യത്തെ ലയിപ്പിച്ചിട്ട് ജഡബോധത്തെ നിമജ്ജനം ചെയ്യണം.

**ഭാവാർത്ഥം** - ക്രമസമ്പ്രദായത്തിന്റെ ഭാഗമായി വരുന്നതാണ് പഞ്ചവാഹങ്ങൾ. വ്യോമവാമേശ്വരി, ഖേചരീ, ദിക്ചരീ, ഗോചരീ, ഭൂചരീ എന്നിവയാണ് പഞ്ചവാഹങ്ങൾ. വ്യോമവാമേശ്വരി ചിച്ഛക്തിയും, ഖേചരി ബുദ്ധിയും, ദിക്ചരി അന്തഃകരണവും, ഗോചരീ ഇന്ദ്രിയങ്ങളും, ഭൂചരീ ബാഹ്യവസ്തുക്കളുമാണ്. വ്യോമവാമേശ്വരിയാണ് പൂർണ്ണബോധം. ആ പൂർണ്ണബോധത്തിൽ ശരീരം, പ്രാണൻ, ബുദ്ധി, മനസ്സ്, ശൂന്യം തുടങ്ങിയവയൊക്കെ ഞാനാണെന്നുള്ള ബോധം നിമജ്ജനം ചെയ്യിക്കണം. ഇന്ദ്രിയോന്മുഖമായ ഈയൊരു പ്രവൃത്തിയും ശാക്തോപായത്തിന്റെ ഭാഗമാണ്.

## ശ്ലോകം ഇരുപത്തിനാല്

*സർഗ്ഗസ്ഥാപനസംഹാരനിഗ്രഹാനുഗ്രഹക്രമാത്പ*
*ഞ്ച കൃത്യാനി കുർവ്വാണഃ ശിവോഹമിതി വിശ്വസേത്*

**അർത്ഥം** - സൃഷ്ടി, സ്ഥിതി, സംഹാരം, തിരോധാനം, അനുഗ്രഹം എന്നീ പഞ്ചകൃത്യങ്ങൾ ചെയ്യുന്ന ശിവനാണ് താൻ എന്ന ഉറച്ച വിശ്വാസം വേണം.

**ഭാവാർത്ഥം** - ശവൻ ചെയ്യുന്ന അഞ്ച് പ്രവൃത്തികളാണ് സൃഷ്ടി, സ്ഥിതി, സംഹാരം, തിരോധാനം, അനുഗ്രഹം എന്നിവ. ശിവൻ സ്വരൂപം സങ്കോചിപ്പിച്ച് ആയിത്തീർന്നതാണ് നമ്മളൊക്കെ. സങ്കുചിതശിവന്മാരായ നമ്മളും വാസ്തവത്തിൽ സൃഷ്ട്യാദി അഞ്ചുപ്രവൃത്തികളും ചെയ്യുന്നുണ്ട്. പക്ഷേ അത് എങ്ങിനെയണെന്ന് ഗുരുമുഖത്തുനിന്നും വേണം മനസ്സിലാക്കാൻ. അപ്രകാരം പഞ്ചകൃത്യങ്ങൾ ചെയ്യുന്ന ശിവനാണെന്നുള്ള അറിവിൽ സദാ കുടികൊള്ളണം എന്നാണ് ഈ ശ്ലോകം കൊണ്ട് അർത്ഥമാക്കിയിരിക്കുന്നത്.

## ശ്ലോകം ഇരുപത്തിയഞ്ച്

*ക്ഷേപജ്ഞാനപ്രസംഖ്യാനഗതിനാദക്രമേണ വാ*
*ഗുരുവക്ത്രേണ താന്യാത്മന്യാകലയ്യ കൃതീ ഭവേത്.*

**അർത്ഥം** - ക്ഷേപം, ജ്ഞാനം, പ്രസംഖ്യാനം, ഗതി, നാദം ഇവ ഗുരുമുഖത്തുനിന്നും മനസ്സിലാക്കി അത് പ്രവർത്തികമാക്കി കൃതകൃത്യനായിത്തീരണം.

**ഭാവാർത്ഥം** - സൃഷ്ടി, സ്ഥിതി, സംഹാരം, തിരോധാനം, അനുഗ്രഹം ഇവ തന്നെയാണ് ക്ഷേപം, ജ്ഞാനം, പ്രസംഖ്യാനം, ഗതി, നാദം എന്നിവ. അഭിനവഗുപ്തപാദർ കാളീ എന്ന നാമത്തിന്റെ അർത്ഥം വിവരിക്കുന്ന സമയത്ത് ക്ഷേപം മുതലായവ ചെയ്യുന്നവളാണ് കാളി എന്ന് വ്യാഖ്യാനിക്കുന്നു. അതിപ്രകാരമാണ്.

*ക്ഷേപോ ജ്ഞാനം ച സംഖ്യാനം ഗതിർനാദ ഇതി ക്രമാത്സ്വാ*
*ത്മനോ ഭേദനം ക്ഷേപോ ഭേദിതസ്യാവികല്പനം*
*ജ്ഞാനം വികല്പഃ സംഖ്യാനമന്യതോ വ്യതിഭേദനാത് 4. 174*

*ഗതിഃ സ്വരൂപാരോഹിത്വം പ്രതിബിംബവദേവ യന്നാ*
*ദഃ സ്വാത്മപരാമർശശേഷതാ തദ്വിലോപനാത് 175*

ക്ഷേപം എന്നുപറഞ്ഞാൽ തന്നിൽ നിന്നും വസ്തുക്കളെ വേർപെടുത്തൽ. ജ്ഞാനമെന്നാൽ വേർപെട്ട വസ്തുക്കളെ തന്നിൽ നിന്നും ഭിന്നമല്ലാതെ കാണൽ. ഇത് ഇന്നതാണ് ഇത് ഇന്നതല്ല എന്ന ഉറപ്പിക്കലാണ് വികല്പം അതാണ് സംഖ്യാനം. വേർപെട്ട വസ്തുക്കൾ വീണ്ടും സ്വരൂപത്തിലേക്ക് പോകുന്നതാണ് ഗതി. വേർപെട്ട വസ്തുക്കൾ പ്രതിബിംബം പോലെ ഭിന്നമല്ലെങ്കിലും ഭിന്നമാണെന്നതുപോലെ ഉള്ള അറിവാണ് നാദം. നാദം എന്നതിനെ സ്വാത്മപരാമർശശേഷതാ എന്നുകൂടി വിശേഷിപ്പിക്കുന്നുണ്ട്. അതായത് സ്വാത്മപരാമർശം മാത്രമായി അവശേഷിക്കുക. അതാണ് നാദം.

ഒറ്റ നോട്ടത്തിൽ ഈ അഞ്ചെണ്ണത്തിനും സൃഷ്ട്യാദികളുമായി ബന്ധമില്ല എന്ന് തോന്നിയേക്കാമെങ്കിലും വാസ്തവത്തിൽ ക്ഷേപം തുടങ്ങിയവ സൃഷ്ട്യാദി പഞ്ചകൃത്യങ്ങൾ തന്നെയാണ്. ഇവ കൃത്യമായി മനസ്സിലാക്കാൻ ഗുരുമുഖമല്ലാതെ വേറെ വഴിയില്ല.

## ശ്ലോകം ഇരുപത്തിയാറ് – ഇരുപത്തിയെട്ട്

*വികല്പയിത്വാ വിശ്വാത്മാ ഭൈരവോഹം മമൈവ താഃ*
*വിശ്വഭംഗ്യോ യഥാ വഹ്നേർജ്വാലാഭംഗ്യഃ പ്രഭാ രവേഃ*
*ഏകോഹം മാതൃവിജ്ഞാനമാനമേയപ്രകാരവാൻ*
*ശുദ്ധബോധാദിരൂപേണ ഖേചര്യാദിചതുർദ്ദശ*
*ഭേദാഭേദപ്രകാരേണ ബന്ധമോക്ഷൗ വിഭാവയൻ*
*ഭൈരവോസ്മീതി വിസ്രംഭാത് സ്വാച്ഛന്ദ്യം പരമം വ്രജേത്.*

**അർത്ഥം** - എപ്രകാരമാണോ തീജ്വാലകൾ തീയുടെ പ്രഭയിൽ നിന്ന് ഭി

ന്നമല്ലാതെയിരിക്കുന്നത് അതുപോലെ ഭൈരവനായ എന്റെ തന്നെ വികസിതരൂപമാണ് ഈ പ്രപഞ്ചം. വിശ്വാത്മാവാണ് ഞാൻ. ഏകനായ ഞാൻ തന്നെയാണ് പ്രമാതാവ്, പ്രമാണം, പ്രമേയം എന്നിവയാകുന്നത്. ഞാൻ ഭൈരവനാണ് എന്ന ഉറച്ച ബോധത്താൽ പരമമായ സ്വാതന്ത്ര്യത്തെ പ്രാപിക്കുന്നു.

## ശ്ലോകം ഇരുപത്തിയൊൻപത്

*അന്തഃകാരബഹിഷ്കാരാവകാലക്രമമാത്മനഃ*
*അപരാധീനമാധത്സേ യത്വം പ്രാഭവനിർഭരഃ*

**അർത്ഥം** - ബാഹ്യവസ്തുക്കളെ തന്റെ ഉള്ളിലേക്കെടുക്കുന്നതും ഉള്ളിലുള്ളവയെ പുറത്തേക്ക് കൊണ്ടുവരുന്നതും സ്വസ്വാതന്ത്ര്യത്താലാണ്. അല്ലാതെ പരാധീനതമൂലമല്ല.

## ശ്ലോകം മുപ്പത്

*അനുത്തരവിസർഗ്ഗാത്മവിശ്രമോദയയാമളം*
*സംഘട്ടശ്ശിവശക്ത്യോസ്തദന്തരേണാന്യശക്തയഃ*

**അർത്ഥം** - അനുത്തരയിലെ വിസർഗ്ഗങ്ങളായ ശിവശക്തിമാരുടെ പരസ്പരമേളനത്തിൽ നിന്നുമാണ് മറ്റ് ശക്തികൾ ഉണ്ടാകുന്നത്.

**ഭാവാർത്ഥം** - അനുത്തരമെന്നത് ത്രികസമ്പ്രദായത്തിന്റെ പേരാണ്. ഏതൊന്നിന്നപ്പുറത്തായി വേറെ ഒന്നില്ലയോ അതാണ് അനുത്തരം.

## ശ്ലോകം മുപ്പത്തിയൊന്ന്

*ആനന്ദേച്ഛേശനോന്മേഷാ ഊനതാ ചേശനേച്ഛയോഃ*
*അസ്ഫുടസ്ഫുടഭേദേന വേദ്യോല്ലാസസ്തയോർവിദഃ*

**അർത്ഥം** - ആനന്ദം, ഇച്ഛാ, ഈശനം, ഉന്മേഷം, ഊനതാ ഇവ കൂടാതെ ഇച്ഛാ ഈശനങ്ങളുടെ കൂടിച്ചേരലിൽ നിന്നും അസ്ഫുടവും സ്ഫുടവുമായി ബാഹ്യവസ്തുക്കൾ ഉണ്ടാകുന്നു.

**ഭാവാർത്ഥം** - അക്ഷരമാലാ ക്രമത്തിൽ സൃഷ്ടിപ്രക്രിയ വർണ്ണിക്കുന്ന ത്രികത്തിലെ രീതിയുടെ ചുരുക്കരൂപമാണിത്. തന്ത്രസാരത്തിൽ ഇതിന്റെ ഒരു സംക്ഷിപ്തവിവരണമുണ്ട്. അതുമായി താരതമ്യം ചെയ്യുമ്പോഴാണ് ഇവിടെ എന്താണ് അഭിനവഗുപ്തപാദർ ഉദ്ദേശിച്ചതെന്ന് മനസ്സിലാക്കാൻ സാധിക്കൂ. അത് ഇപ്രകാരമാണ്.

പരമേശ്വരന്റെ ശക്തികൾ മുഖ്യമായും മൂന്നേണ്ണമാണ്. അനുത്തരം, ഇച്ഛാ, ഉന്മേഷം എന്നിവ. അവ തന്നെയാണ് അ, ഇ, ഉ എന്നീ പരാമർശ

ങ്ങൾ. ഈ പരാമർശത്രയങ്ങളിൽ നിന്നാണ് മുഴുവൻ ശക്തിപ്രപഞ്ചങ്ങളുമുണ്ടാകുന്നത്. അനുത്തരത്തിലുള്ള (അ) വിശ്രാന്തിയാണ് ആനന്ദം (ആ). ഇച്ഛ (ഇ) യിലുള്ള വിശ്രാന്തിയാണ് ഈശനം (ഈ). ഉന്മേഷത്തിലുള്ള (ഉ) വിശ്രാന്തിയാണ് ഊർമ്മി (ഊ) ഇവിടെയാണ് ക്രിയാശക്തിയുടെ ഉദ്ഭവം. ഇതാണ് ആ, ഈ, ഊ എന്നീ പരാമർശങ്ങൾ. ഇവിടെ മുൻപ് പറഞ്ഞ പരാമർശത്രയങ്ങളായ (അ, ഇ, ഉ) എന്നിവ പ്രകാശസ്വരൂപങ്ങളായതുകൊണ്ട് സൂര്യാത്മകമാണ്. ശേഷം വരുന്ന പരാമർശത്രയങ്ങളായ ആ, ഈ, ഊ എന്നിവ വിശ്രാന്തിയുടെ സ്വഭാവമായ ആനന്ദമാണ്. ആനന്ദപ്രാധാന്യത്താൽ സോമാത്മകമാണ്. ഇത്രയും വരെ കർമ്മത്തിന്റെ സംസ്പർശമില്ല. എപ്പോഴാണോ ഇച്ഛയിലും ഈസനത്തിലും കർമ്മം പ്രവേശിക്കുന്നത് അപ്പോൾ പ്രകാശരൂപമായ ര എന്ന ശബ്ദവും വിശ്രന്തിരൂപമായ ല എന്നവും ഉണ്ടാകുന്നു. ഇവ രണ്ടും സ്ഫുടമല്ല. സ്ഫുടത കൈവരിക്കലാണ് സൃഷ്ടി. അസ്ഫുടമായതിനാൽ ഋ, ള് ഇവ രണ്ടും സ്വരമായി കണക്കാക്കപ്പെടുന്നു. ഋ, ള് ഇവയുടെ ദീർങ്ങൾ ഇവ നാലും സ്വരങ്ങളുടേയും വ്യഞ്ജനങ്ങളുടേയും സ്വഭാവത്തോട് കൂടിയവയായതിനാൽ നപുംസകസ്വരങ്ങളാണ്. അനുത്തര ആനന്ദങ്ങൾ എപ്പോഴാണോ ഇച്ഛാ, ഈശനം തുടങ്ങിയവയിലേക്ക് പ്രസരിക്കുന്നത് അപ്പോൾ ഏ, ഓ എന്നീ വർണ്ണങ്ങൾ ഉണ്ടാകുന്നു. ഇവയുമായി വിണ്ടും അനുത്തരാനന്ദങ്ങൾ സമ്മേളിക്കുമ്പോൾ ഐ, ഔ എന്നീവർണ്ണങ്ങളുണ്ടാകുന്നു. ഇതാണ് ക്രിയാശക്തി, അതായത് ഏ, ഐ, ഓ, ഔ എന്നീ വർണ്ണങ്ങൾ. വീണ്ടും ഏതുവരെയാണോ തിരിച്ച് എല്ലാം അനുത്തരത്തിൽ പ്രവേശിക്കുന്നത് അതുവരെ ബോധസ്വരൂപം മാത്രമായ ബിന്ദുവായി നിലകൊള്ളുന്നു. അപ്പോൾ അം എന്ന വർണ്ണമുണ്ടാകുന്നു. പിന്നീട് ആ ബിന്ദു വിസർഗ്ഗമായി മാറുന്നു. അതാണ് അഃ എന്ന വർണ്ണം. ഇപ്രകാരമുള്ള ഷോഡസപരാമർശനങ്ങളെ (പതിനാറ് സ്വരങ്ങളെ) ബീജസ്വരൂപം എന്ന് പറയുന്നു. സ്വരങ്ങളിൽ നിന്നുണ്ടാകുന്ന വ്യഞ്ജനങ്ങൾ യോനി എന്ന പേരോട് കൂടിയതാണ്. തുടർന്ന വ്യഞ്ജനങ്ങളുടെ സൃഷ്ടി പറയുന്നു. അനുത്തര (അ) ത്തിൽ നിന്ന് കവർഗ്ഗം, ഇച്ഛ (ഇ) യിൽ നിന്ന് ചവർഗ്ഗം, കർമ്മത്തോട് കൂടിയ ഇച്ഛയിൽ നിന്ന് ടവർഗ്ഗം, തവർഗ്ഗം, ഉന്മേഷ (ഉ) ത്തിൽ നിന്ന് പവർഗ്ഗം, ഇച്ഛയിൽ നിന്ന് യ, ര, ല എന്നീ അക്ഷരങ്ങൾ, ഉന്മേഷത്തിൽ നിന്ന് വകാരം, വീണ്ടും ഇച്ഛയിൽ നിന്നും ശ, ഷ, സ എന്നീ വർണ്ണങ്ങൾ, വിസർഗ്ഗത്തിൽ നിന്നും ഹ കാരം, യോനിസംയോഗത്തിൽ നിന്നും ക്ഷ കാരം. ഇപ്രകാരമാണ് അക്ഷരമാലയിലൂടെ അഭിനവഗുപ്തപാദർ സൃഷ്ടിപ്രക്രിയയെ അവതരിപ്പിക്കുന്നത്.

(തുടരും)

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (17)

(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

(കഴിഞ്ഞ ലക്കം തുടർച്ച)

ആത്മന്യനാത്മാഭിമാനപൂർവ്വോനാത്മന്യാത്മാഭിമാനോ ഭവതീതി പ്രതിപാദയൻ ഭ്രാന്തേഃ സുതരാം മോഹരൂപതാമാഹ.

*31. തിമിരാദപി തിമിരമിദം ഗണ്ഡസ്യോപരി മഹാനയം സ്ഫോടഃ.
യദനാത്മന്യപി ദേഹപ്രാണാദാവാത്മമാനിത്ത്വം.*

**സാരം** - ആദ്യം ആത്മാവിങ്കൽ അനാത്മാഭിമാനവും പിന്നെ അനാത്മാവിങ്കൽ ആത്മാഭിമാനവും ഉണ്ടാകുന്നുവെന്നതിനെ പ്രതിപാദിച്ച ശേഷം ഭ്രാന്തിയുടെ വലുതായ മോഹനശക്തിയെപ്പറ്റി പറയുന്നു.

അനാത്മാവായിരിക്കുന്ന ദേഹപ്രാണാദികളിൽ ആത്മബോധമെന്നത് തിമിരത്തേക്കാൾ വലിയ തിമിരം പോലെയും മുഴയിന്മേലുള്ള വ്രണം പോലെയുമുള്ളതാകുന്നു. (അജ്ഞാനത്തിൻറെ ഊക്കിനെ കാണിക്കുന്നതിനായാണ് ഇവിടെ ഈ ഉദാഹരണങ്ങൾ കൊടുത്തിരിക്കുന്നത്).

**വിവൃതി** - ആദൌ താവദേകസംവിത്സതത്ത്വേഷ്വപി ഭാവേഷു ഭേദമയം ജാഡ്യാപാദനമഖ്യാതിതിമിരേണ കൃതം യത്സ്വാത്മനോ അഭിന്നാനാം ഭാവാനാം തതോ ഭേദേന പ്രഥനമത ഏവ തിമിരമിവ തിമിരം അഖ്യാതിഃ. യഥൈകോപി ചന്ദ്രഃ ചക്ഷുസ്ഥേന രേഖാതിമിരേണ ദ്വിധാ ഭാസ്യതേ ദ്വൌ ചന്ദ്രാവിതി തഥൈവാഖ്യാതിതിമിരമേകമപി സർവ്വം സ്വാത്മസ്വരൂപം വസ്തു ഭേദേനാനാത്മരൂപം പ്രകാശിതവത്. ഏവമവസ്ഥിതേ തിമിരം അപരമായാതം മോഹാന്മോഹോയമാപതിതഃ ഗണ്ഡസ്യോപരി പിടകോദ്ഭവശ്ച യത് അഖ്യാത്യപഹസ്തിതചിത്സ്വരൂപേഷ്വപി വിശ്വവർത്തിഷു പദാർത്ഥേഷു ജാഡ്യമാപാദിതേഷു മധ്യാദുദ്ധൃതേ വ്യതിരിക്തേ ജഡേ ദേഹപ്രാണാദൌ വേദ്യഖണ്ഡേ കൃശോഹം സ്ഥൂലോഹം ക്ഷുധിതോഹം സുഖ്യസ്മി ന കിഞ്ചിദഹമിതി പ്രമാതൃതയാനാത്മഭൂതേ ആത്മമാനിത്ത്വം അതാദ്രൂപ്യേ താദ്രൂപ്യപ്രതിപത്തിരേതദതിവൈശ്യസം. യദി താവദാത്മാഭിമാനേന വിനാ വൈശസമസ്തി തന്നീലസുഖാദിഷ്വപ്യസ്തു മാ വാ കുത്രാപി ഭൂദ്യത്പുനഃ കതിപയേ ജഡേ ദേഹാദൌ ലോഷ്ടപ്രായ ആത്മതയാഹന്താരസാഭിഷേകോന്യത്ര നീലസുഖാദാവിദന്ത

യാനാത്മപ്രതി-പാദനമേഷ ഏവ പൂർണ്ണഃ സംസാരഃ ശോചനീയോ യദഭിമാനോപനതോദ്വന്ദ്വാഭിഘാതഃ കർഷതി പശ്ചുനിതി. യദുക്തം മാർക്കണ്ഡേയപുരാണേ യോഗിന്യാഃ മദാലസയാ-

*യാനം ക്ഷിതൌ യാനഗതശ്ച ദേഹോ ദേഹേപി ചാന്യഃ പുരുഷോ നിവിഷ്ടഃ.*
*മമത്ത്വമുർവ്യാം ന തഥാ യഥാ സ്വേ ദേഹേതിമാത്രം ച വിമൂഢതൈഷാ.*
*ഇതി.*

**പരിഭാഷ** - ആദ്യം തന്നെ അഖ്യാതിയാകുന്ന തിമിരം ഏകമായ സംവിത് തത്ത്വങ്ങളിലും ഭേദരൂപമാകുന്ന ജഡതയെക്കൊണ്ടു വന്ന് ആത്മാവിൽ നിന്നും അഭിന്നമായ വസ്തുക്കളിൽ ഭിന്നതയെന്ന ജ്ഞാനത്തെ തിമിരമാകുന്ന അന്ധതയെപ്പോലെ ഉണ്ടാക്കുന്നുവെന്നതിനാൽ  ഈ അഖ്യാതിയെ തിമിരമെന്നു വിവക്ഷിച്ചിരിക്കുന്നു. ഏതു പോലെയാണോ രേഖാതിമിരമെന്ന അവസ്ഥയാൽ ഒന്നായ ചന്ദ്രനെ രണ്ടായിക്കണ്ട് അവിടെ രണ്ടു ചന്ദ്രനുണ്ടെന്ന അവസ്ഥയെ ജനിപ്പിക്കുന്നത് അതുപോലെ അഖ്യാതിയാകുന്ന തിമിരം മൂലം ആത്മസ്വരൂപമായിട്ടുള്ള എല്ലാ വസ്തുക്കളും ഒന്നായിട്ടു കൂടി അതിനെ എല്ലാത്തിനേയും ഭിന്നമായിട്ടു കാണിക്കുന്നു. അങ്ങനെയിരിക്കമ്ബോൾ തിമിരത്തിനു മുകളിൽ വേറൊരു തിമിരം പോലെ മോഹത്തിനു മുകളിൽ വേറൊരു മോഹം പോലെ മുഴക്കു മുകളിലെ വ്രണം പോലെ അഖ്യാതിയാൽ കവരപ്പെട്ട ചിത്സ്വരൂപത്തിലും അതിനാൽ ജഡമാക്കിത്തീർക്കപ്പെട്ട ദേഹപ്രാണാദികളാകുന്ന വേദ്യവസ്തുക്കളിൽ ചിലവയിലും ഞാൻ മെലിഞ്ഞവനാണ്, ഞാൻ തടിച്ചവനാണ്, ഞാൻ വിശപ്പുള്ളവനാണ്, ഞാൻ സുഖമുള്ളവനാണ്, ഞാനാരുമല്ല എന്നിങ്ങനെ അനാത്മാവിൽ പ്രമാതൃത്ത്വം കൊണ്ട് ആത്മാഭിമാനവും യഥാർത്ഥരൂപമല്ലാത്തതിൽ യഥാർത്ഥരൂപവും കല്പ്പിക്കുന്നത് കൂടുതൽ വൈഷമ്യമേറിയതാണ്. ഇനി ഇപ്രകാരം ആത്മാഭിമാനം ഇല്ലാത്തതിനാലാണ് വൈഷമ്യമെങ്കിൽ നീലസുഖാദികളിലോ മറ്റ് വേറെ ഏതു വസ്തുക്കളിലുമോ ഇല്ലാതെ ജഡങ്ങളായ കുറച്ച് ശരീരാദികളിൽ മാത്രം അഹന്താബോധവും നീലസുഖാദികളിൽ ഇദന്താ എന്ന ബോധവും ഉണ്ടാകുന്ന പൂർണ്ണവും ശോചനീയവുമായ സംസാരത്തിൽ അല്പാഹങ്കാരം കാരണമായി ദ്വന്ദ്വബോധത്തിനാൽ പശ്ചുപ്രമാതാക്കളെ കെട്ടിയിടുന്നു.

മാർക്കണ്ഡേയപുരാണത്തിൽ യോഗിനിയായ മദാലസ ഇപ്രകാരം പറയുന്നു.

ഭൂമിയിൽ യാനം നിൽക്കുന്നു, യാനത്തിൽ ശരീരവും ശരീരത്തിനകത്ത് പുരുഷനും (ആത്മാവ്) നിൽക്കുന്നു. എന്നിട്ടും ആത്മാവിന് ശരീരത്തോടാണ് പ്രതിപത്തി. അത് നിൽക്കുന്ന യാനത്തിനോടോ യാനം നിൽക്കുന്ന ഭൂമിയോടോ അല്ല എന്നത് മൂഢതയുടെ ആധിക്യം തന്നെ.

*ഏവമഖ്യാതിവശാന്മിത്ഥ്യാവികല്പൈരിത്ഥമാത്മാനം ബധ്നാതീത്യാഹ.*

*32. ദേഹപ്രാണവിമർശനധീജ്ഞാനനഭഃ പ്രപഞ്ചയോഗേന ആത്മാനം വേഷ്ടയതേ ചിത്രം ജാലേന ജാലകാര ഇവ.*

**സാരം** – അങ്ങനെ അഖ്യാതികാരണം കൊണ്ട് മിത്ഥ്യയാകുന്ന വികല്പം മൂലം ജീവാത്മാവ് സ്വയം ബന്ധിക്കുന്നുവെന്ന് തുടർന്നു പറയുന്നു.

ദേഹപ്രാണങ്ങളാകുന്ന വിമർശം കൊണ്ടും ബുദ്ധിയുടെ ജ്ഞാനം കൊണ്ടും ആകാശമാകുന്ന പ്രപഞ്ചയോഗം കൊണ്ടും ആത്മാവ് പട്ടുനൂൽ കൊണ്ട് പട്ടുനൂൽപ്പുഴു മൂടുന്നതു പോലെ തന്നെ മൂടുന്നു.

**വിവൃതി** – അഖ്യാത്യപഹസ്തിതചൈതന്യഃ സർവ്വഃ പ്രമാതാ സ്വോത്ഥൈർ വികല്പനി- ഗഡൈർവ്യാപകമപി ആത്മാനം വേഷ്ടയതേ. കഥമിത്യാഹ. ദേഹ ഇത്യാദി. ദേഹപ്രാണയോർവിമർശനം ധിയോ ജ്ഞാനം നിശ്ചയഃ നഭസാം പ്രപഞ്ചഃ വിസ്താരഃ തദ്യോഗേന ദേഹാദിവികല്പസംബന്ധേന. യഥാ കൃശഃ സ്ഥൂലോ രൂപവാൻ പണ്ഡിതശ്ചാസ്മീതി ബാലാങ്ഗനാപാമരാഃ കാർഷികാഃ ഇത്ഥം സ്വവികല്പേന ദേഹമേവാത്മത്വേന പ്രതിപന്നാഃ കിഞ്ചിദ്വിവേചകം മന്യാഃ.

ദേഹസ്താവദിഹൈവ പ്രലീയതേ കുതോസ്യാത്മത്ത്വമതോ യഃ ക്ഷുധിതഃ പിപാസിതഃ സോഹമിതി പ്രാണാത്മമാനിനശ്ച വിവേചകം മന്യതരാഃ.

ദേഹപ്രാണൌ ജഡൌ ലോഷ്ടാദിവത് കുതോ അനയോരാത്മഭാവസ്ത തഃ സുഖ്യഹം ദുഖ്യഹമിതി യഃ സുഖദുഃഖാദിചേതതേ സ ആത്മേതി പുര്യഷ്ടകാഭിമാനിനോ മീമാംസകാദയോപി വിവേചകതമാശ്ച.

ഏതത്സുഖദുഃഖാദ്യപി ബുദ്ധിധർമ്മഃ കഥമാത്മതയാ വക്തും ശക്യസ്തതോ ദേഹപ്രാണധീവികല്പാനാം യത്രാഭാവഃ സ ആത്മേതി ശൂന്യാഭിമാനിനഃ. ഏവം യത്കിഞ്ചിദിദം ഭാതി തന്നാഹമിത്യപ്രഥാരൂപം ശൂന്യമേവ സർവ്വാ പോഹനസ്വഭാവമാത്മേതി നഭഃ ശബ്ദേനോക്തഃ. തദപി ശൂന്യം യദാ സമാ ധാനാവസരേ വേദ്യീകുർവ്വത ഏതദപി ശൂന്യം വയം ന ഭവാമസ്തദാ ശൂന്യാ ന്തരാത്മത്വേന വിദധാനാ നേതി നേതി ബ്രഹ്മവാദ്യഭ്യുപഗതതത്തച്ഛൂന്യ പരിത്യാഗേന താം താം ശൂന്യാത്മതാം പരിഗൃഹ്ണന്തീതി നഭഃ പ്രപഞ്ചഃ കാരികായാം നിരൂപിതഃ. ഇത്ഥം സംവിത്സ്വരൂപാപര്യവസാനാച്ഛൂന്യാത്മമാ നിനോ യോഗിനഃ സുഷുപ്തഗുഹാനിമഗ്നാ ജഡാത്മാനോ ഭ്രാന്താ ഏവാത്മാ നം സംസിത്സ്വരൂപമപി ജാഡ്യേനാനുബധ്നന്തി. ചിത്രംഇത്യാശ്ചര്യമേതദ്യ ുത വൈശസം നൈതത്സ്വയം കർത്തും പാര്യത ഇതി. അത്ര ദൃഷ്ടാന്തമാഹ ജാലേന ഇത്യാദി. യഥാ ജാലകാരഃ കശ്ചിത്കൃമിർവാ സ്വനിർമ്മിതേന ഫേനേന ജാലമാവരണം നിർമ്മായ സർവ്വതോ ഗതം ആത്മാനം വേഷ്ടയ തേസ്വംസ്വാത്മനിധനായ ബധ്നാതി യേനോത്തരത്ര തത്രൈവ നിധനം

യാതി തഥാ ദേഹാദ്യാത്മമാനീ തു സ്വവികല്പകല്പിതൈരഹം മമേതി വികല്പൈഃ സ്വാത്മാനമേവ ബധ്നാതി. തഥാ ച ബൌദ്ധാഃ

*സത്യാത്മനി പരസംജ്ഞാ സ്വപരവിഭാഗാത്പരിഗ്രഹദ്വേഷൌ അനയോഃ സംപ്രതിസംജ്ഞാഃ സർവ്വേ ദോഷാഃ പ്രജായന്തേ. ഇത്യാഹുഃ.*

**പരിഭാഷ** - അഖ്യാതി കൊണ്ട് കവരപ്പെട്ട ചൈതന്യത്തോടു കൂടിയ എല്ലാ പ്രമാതാക്കളും തങ്ങളിൽ നിന്നുണ്ടായതായ വികല്പത്താൽ, വ്യാപിച്ചിരിക്കുന്നവനായ ആത്മാവിനെ മറക്കുന്നു. അത് എങ്ങനെയെന്നു പറയുന്നു. ദേഹാദികളെക്കൊണ്ട്. ദേഹപ്രാണങ്ങളുടെ വിമർശം കൊണ്ടും ബുദ്ധിയുടെ ജ്ഞാനം അഥവാ നിശ്ചയം കൊണ്ടും ആകാശത്തിനാൽ വിസ്തരിക്കപ്പെട്ടിരിക്കുന്ന പ്രപഞ്ചത്തോടും ദേഹാദികളാകുന്ന വികല്പങ്ങളോടുംകൂടിക്കൊണ്ടെന്നർത്ഥം. എതുപോലെയാണോ ഞാൻ മെലിഞ്ഞവനാണ്, തടിച്ചവനാണ്, രൂപവാനാണ്, പണ്ഡിതനാണ് എന്നിങ്ങനെ ബാലന്മാരും അങ്ഗനമാരും പാമരന്മാരും കർഷകന്മാരും തങ്ങളെ വികല്പത്തോടു കൂടി ദേഹം തന്നെയാണ് ആത്മാവ് എന്ന രൂപത്തിൽ മറ്റുള്ളവരിൽ നിന്നും വ്യത്യസ്യമായിക്കാണുന്നു.

ദേഹമാകട്ടെ ഇവിടെത്തന്നെ ലയിച്ചു പോകുന്നു അതെങ്ങനെയാണ് ആത്മാവാകുന്നത്, അതിനാൽ ആർക്കാണോ വിശപ്പും ദാഹവുമുള്ളത് അതാണ് ഞാനെന്നു മനസ്സിലാക്കുന്നവർ തങ്ങളെ വീണ്ടും വിവേചിച്ചു കാണുന്നു.

ദേഹപ്രാണങ്ങൾ മണ്കട്ടപോലെ ജഡമാണ്. ഇവയെ ആത്മാവെന്നു എങ്ങനെ പറയാനാണ്, അതിനാൽ സുഖവാനാണ്, ദുഃഖവാനാണ് എന്നിങ്ങനെ സുഖദുഃഖങ്ങളെ അനുഭവിക്കുന്നവനാണ് ഞാനെന്നു കരുതി പുര്യഷ്ടകങ്ങളെ ആത്മാവെന്നു വിളിക്കുന്ന മീമാംസകരും ഈ വിവേചനത്തിൽ മുൻപന്തിയിൽ നിൽക്കുന്നവരാണ്.

ഇപ്പറഞ്ഞ സുഖദുഃഖങ്ങളും ബുദ്ധിയുടെ ധർമ്മങ്ങളാകുന്നു. അവയെ ആത്മാവെന്ന് എങ്ങനെ വിളിക്കാനാണ്, അതിനാൽ ദേഹം, പ്രാണൻ, ബുദ്ധി എന്നീ വികല്പ്പങ്ങളുടെ അഭാവം എവിടെയുണ്ടോ അതാണ് ആത്മാവെന്ന് ശൂന്യവാദികളുടെ വാദമാകുന്നു. അതിനാൽ ഏതൊക്കെ വസ്തുക്കൾ പ്രകാശിക്കപ്പെടുന്നോ അതെല്ലാം ഞാനല്ല, പ്രകാശിക്കപ്പെടാത്ത ശൂന്യമെന്ന അവസ്ഥ ആരുടേതാണോ എല്ലാത്തിനേയും നീക്കം ചെയ്യുന്ന സ്വഭാവത്തോടു കൂടിയതാണ് ആത്മാവ് എന്നത് നഭഃ ശബ്ദത്താൽ പറയപ്പെട്ടു. ഈ ശൂന്യാവസ്ഥയും സമാധ്യവസരത്തിൽ അനുഭവിക്കപ്പെടുംബോൾ താൻ ഈ ശൂന്യവുമല്ല അതിനാൽ വേറൊരു ശൂന്യത്തെ ആത്മാവാക്കിക്കൊണ്ട് നേതി നേതി എന്നിങ്ങനെ ബ്രഹ്മവാദികളാൽ സ്വീകരിക്കപ്പെട്ട വിശിഷ്ടമായ ശൂന്യ

ത്തെ പരിത്യജിച്ചിട്ട് ശൂന്യാത്മാവിനെ ഗ്രഹിക്കുന്നു. ഇങ്ങനെയാണ് കാരികയിൽ ആകാശപ്രപഞ്ചത്തിൻറെ പരാമർശമുള്ളത്. ഇപ്രകാരം സംവിത്സ്വരൂപത്തിനെ പ്രാപിക്കാൻ സാധിക്കാതെ ശൂന്യത്തെ ആത്മാവെന്നു കരുതുന്ന യോഗി സുഷുപ്തിയിൽ നിമഗ്നനായി ജഡാത്മാവായും ഭ്രാന്തിയുള്ളവനുമായും നിലനിൽക്കുകയും ചൈതന്യസ്വരൂപമായ ആത്മാവിനെയും ജഡവുമായി ബന്ധിപ്പിച്ച് മനസ്സിലാക്കുന്നു. ഈ ആശ്ചര്യമേറിയതോ വൈഷമ്യമേറിയതോ ആയ കാര്യം മനുഷ്യന് സ്വയം തന്നോട് ചെയ്യാൻ കഴിയുകയില്ല. ഇവിടെ ഒരുദാഹരണം പറയുന്നു. ഒരു വല നെയ്യുന്നയാൾ അഥവാ ജീവി സ്വയം നിർമ്മിച്ച വല കൊണ്ട് എല്ലായിടത്തും പോകാൻ സാധിക്കുന്ന തന്നെ പരിമിതപ്പെടുത്തി പിന്നീട് സ്വയം ഇല്ലാതായിപ്പോകുന്നതു പോലെ ദേഹാദികളെ ആത്മാവെന്നു കരുതുന്നവൻ തന്നാൽ തന്നെ കല്പ്പിതമായ വികല്പ്പങ്ങളിലൂടെ ഞാൻ, എൻറേത് എന്നിങ്ങനെ അവനവനെ ബന്ധിക്കുന്നു. ബൌദ്ധന്മാർ ഇങ്ങനെ പറയുന്നു-

ഞാൻ എന്ന ബോധം വരുമ്പോൾ മറ്റുള്ളവരെന്ന ബോധം വരുന്നു. ഇങ്ങനെ ഞാനും ഞാനല്ലാത്തതും വരുമ്ബോൾ പരിഗ്രഹവും ദ്വേഷവും വരുന്നു. ഇതുമായി ബന്ധപ്പെട്ട് എല്ലാ ദോഷങ്ങളും വന്നു ചേരുന്നു.

(തുടരും)

# താന്ത്രികവൈഷ്ണവദർശനം

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

വിഷ്ണു എന്ന ദേവതാസങ്കല്പം ഭാരതത്തിലുടനീളം പ്രസിദ്ധമായ ഒന്നാണ്. വിവിധ തരത്തിലുള്ള ആരാധനകളും അനുഷ്ഠാനങ്ങളും കലകളും മറ്റും ഇതിനെ ചുറ്റിപ്പറ്റി നിലനില്ക്കുന്നുണ്ട്. വിഷ്ണുവിനെ സംബന്ധിച്ചത് എന്നാണ് വൈഷ്ണവം എന്ന വാക്കിനർത്ഥം. വൈഷ്ണവാരാധന പല രീതിയിലും സജീവമായി ഇന്നും നിലനിന്നു പോരുന്നുണ്ട്. അവയിൽ വർത്തമാനകാലത്ത് വലിയ പ്രചാരത്തിലില്ലാത്തതും എന്നാൽ ഭാരതീയ ചിന്തകളിൽ ആഴത്തിൽ വേരോടിയിരിക്കുന്നതും ആയ ആരാധനാരീതിയാണ് താന്ത്രികമായ വൈഷ്ണവാരാധന. വിഷ്ണു എന്ന ഈശ്വരസങ്കല്പം ഇന്നു നിലനില്ക്കുന്നത് വേദം, വേദാന്തം, ഭക്തി എന്നീ ദർശനങ്ങളുടെ സ്വാധീനത്തിലാണ്. എന്നാൽ വിഷ്ണുവിന് താന്ത്രികമായ ഒരു തനത് ആരാധനാശൈലി ഉള്ളതായി വൈഷ്ണവതന്ത്രഗ്രന്ഥങ്ങളായ സംഹിതകൾ വായിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

കാലത്തിന്റെ കുത്തൊഴുക്കിൽ ഭാരതീയചിന്തകൾക്കു വന്ന പരിണാമത്താൽ വേണ്ടത്ര പ്രാധാന്യം ലഭിക്കാതെപോയ ഒരു ആരാധനാരീതിയാണ് താന്ത്രികമായ വൈഷ്ണവാരാധന. തന്ത്രശാസ്ത്രം പ്രധാനമായും ശൈവവൈഷ്ണവ ശാക്തേയാരാധനകളായാണ് ഇന്ന് അറിയപ്പെടുന്നത്. (അവയിൽ വൈഷ്ണവത്തിനോടൊപ്പം തന്നെ സൌരം ഗാണപത്യം എന്നീ താന്ത്രികശൈലികളും ഇന്ന് നാമമാത്രമായിത്തീർന്നിരിക്കുന്നു). തന്ത്രശാസ്ത്രത്തിലെ വളരെ പ്രധാനപ്പെട്ടതും ആരാധനാവൈവിദ്ധ്യങ്ങളാൽ സമ്പന്നമായതുമായ വൈഷ്ണവസമ്പ്രദായത്തെക്കുറിച്ചുള്ള ഒരു പഠനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

താന്ത്രിക വൈഷ്ണവദർശനം എന്ന വാക്കിലൂടെ തന്നെ ആദ്യം ആരംഭിക്കാം. ഈ വാക്കിന്റെ അർത്ഥതലങ്ങളെ സൂക്ഷ്മമായി അപഗ്രഥിയ്ക്കുന്നതിലൂടെ ഈ ദർശനത്തിന്റെ സാരാംശം നമുക്ക് മനസ്സിലാകുന്നതാണ്. താന്ത്രികം, വൈഷ്ണവം എന്നീ വാക്കുകളെ മനസ്സിലാക്കിയാൽ അവയെക്കുറിച്ചുള്ള അറിവാണ് ആ ദർശനം.

ആദ്യം താന്ത്രികം എന്ന വാക്കിന്റെ അർത്ഥത്തെ പരിശോധിക്കാം. തന്ത്രത്തെ സംബന്ധിച്ചത് എന്നാണ് താന്ത്രികം എന്ന വാക്കിനർത്ഥം. എന്താണ് തന്ത്രം? തന്ത്രശാസ്ത്രവുമായി അറിഞ്ഞോ അറിയാതെയോ ബന്ധപ്പെട്ടിരിക്കുന്നവരാണ് പലരും. ക്ഷേത്രത്തിൽ പോകുന്നവരാകട്ടെ, വീട്ടിൽ നാമങ്ങളോ മറ്റു മന്ത്രങ്ങളോ ജപിക്കുന്നവരാകട്ടെ, വിളക്കു കത്തിക്കുന്നവരാകട്ടെ, സ്തോത്രപാരായണങ്ങൾ ചെയ്യുന്നവരാകട്ടെ, വിവധ ദേവീദേവന്മാരുടെ ഉപാസകന്മാരാകട്ടെ, പൂജകളും മറ്റും ചെയ്യുന്നവരോ ചെയ്യിക്കുന്നവരോ ആകട്ടെ, ഈ കാര്യങ്ങളെല്ലാം തന്ത്രശാസ്ത്രത്തിന്റെ തന്നെ ആരാധനാഭേദങ്ങളാകുന്നു. തന്ത്രശബ്ദത്തിന്റെ അർത്ഥപരാമർശങ്ങളിൽ വളരെ പ്രശസ്തമായ ഒന്നാണ് വിഷ്ണുസംഹിതയിലേത്.[1]

*സർവ്വേ്ഽർത്ഥാഃയേന തന്ന്യന്തേ ത്രായന്തേ ച ഭയാജ്ജനാഃ*
*ഇതി തന്ത്രസ്യ തന്ത്രത്ത്വം തന്ത്രജ്ഞാഃ പരിചക്ഷതേ*

(വിഷ്ണുസംഹിതാ 1.10,11)

യേന ശാസ്ത്രേണ സർവ്വേ അർത്ഥാഃ തന്ന്യന്തേ, ഏതൊരു ശാസ്ത്രം മൂലമാണോ എല്ലാ അർത്ഥങ്ങളും വിസ്തരിപ്പിക്കപ്പെടുന്നത് (തന്യന്തേ- വിസ്തരിപ്പിക്കുന്നത്, തനു വിസ്താരേ കരണേ) ജനാഃ ഭയാത് ത്രായന്തേ, ജനങ്ങൾ ഭയത്തിൽ നിന്നും രക്ഷിക്കപ്പെടുന്നത്, തന്ത്രജ്ഞാഃ തന്ത്രസ്യ തന്ത്രത്ത്വമിതി പരിചക്ഷതേ, അതിനെയാണ് തന്ത്രമെന്നപേരിൽ തന്ത്രജ്ഞന്മാരാൽ പറയപ്പെടുന്നത്.

---

[1] വിഷ്ണുസംഹിത പതിമൂന്നാം നൂറ്റാണ്ടോടുകൂടി കേരളത്തിൽ ഉടലെടുത്ത ഒരു ഗ്രന്ഥമാണ്. ഇന്നും കേരളീയ വൈഷ്ണവക്ഷേത്ര സംസ്കാരങ്ങളിൽ ഈ ഗ്രന്ഥത്തിന്റെ സ്വാധീനം കാണാം.

ഇവിടെ അർത്ഥങ്ങളെ വിസ്തരിപ്പിക്കുക എന്നതുകൊണ്ട് എന്താണ് മനസ്സിലാക്കേണ്ടത്? അർത്ഥമെന്ന വാക്കിന് ഇന്ദ്രിയഗോചരമായ വസ്തുക്കളെന്നർത്ഥം. എന്നുവച്ചാൽ കണ്ണിന് കാണാവുന്നതും, കാതിന് കേൾക്കാവുന്നതും മൂക്കിന് മണക്കാവുന്നതും, നാക്കിന് രുചിക്കാവുന്നതും, ത്വക്കിന് സ്പർശിക്കാവുന്നതുമായ വസ്തുക്കളാണ് അർത്ഥങ്ങൾ. ചുരുക്കിപ്പറഞ്ഞാൽ നാം അനുഭവിക്കുന്ന ഈ പ്രപഞ്ചമാണ് ഇവിടെ പരാമർശിക്കപ്പെട്ടിട്ടുള്ളത്. നാം അനുഭവിക്കുന്ന പ്രപഞ്ചമുണ്ടാവണമെങ്കിൽ അതിനെ അനുഭവിക്കുന്ന ഞാനെന്ന ബോധവും ഉണ്ടാകണം. ഈ രണ്ടു വസ്തുതകളെയും വിസ്തരിക്കാനുള്ള ഉപായങ്ങൾ അടങ്ങിയ ശാസ്ത്രമാണ് തന്ത്രശാസ്ത്രം.

എന്താണ് ഇവയെ വിസ്തരിക്കുക എന്നു വച്ചാൽ? വിസ്തരിപ്പിച്ചു മനസ്സിലാക്കുക എന്ന വാക്കിനെ ഇംഗ്ളീഷ് ഭാഷയിലേക്കു പരിഭാഷപ്പെടുത്തിയാൽ Exploration എന്നു പറയാം. ഞാനെന്നതിനെയും ഞാനനുഭവിക്കുന്ന ലോകത്തെയും ഒറ്റവാക്കിൽ നമുക്ക് ബോധം അഥവാ Consciousness എന്നും വിളിക്കാം. അപ്പോൾ ഞാനെന്ന ബോധത്തിന്റെ വിസ്താരം അഥവാ Exploration of consciousness ആണ് ഇവിടെ തന്ത്രശാസ്ത്രത്തിന്റെ ഉദ്ദേശമെന്നു വന്നു.

കുറച്ചു കൂടി വ്യക്തമായി പറഞ്ഞാൽ നമുക്കെല്ലാം നമ്മെപ്പറ്റി ഒരു സാമാന്യബോധമുണ്ട്. നാമോരോരുത്തരും ഇന്ന വർഷത്തിൽ ജനിച്ച്, ഇത്ര വയസ്സുള്ളവരായി, ഇത്ര തടിയും ഉയരവുമുള്ളവരായി വിവിധ നിറത്തിലുള്ളവരായി, വിവിധ ശാരീരിക സവിശേഷതകളുള്ളവരായി, ഇന്ന ഇഷ്ടാനിഷ്ടങ്ങളുള്ളവരായി പലതരം മാനസിക സവിശേഷതകളുള്ളവരായിട്ടുള്ളവരാണ് എന്നൊക്കെ. എല്ലാവരിലെയും ഈ സാമാന്യബോധമാണ് നമ്മുടെ പ്രാഥമിക ബിന്ദു. ആ ബിന്ദുവിൽ നിന്നും വളർന്ന് ബോധത്തിന്റെ ഏറ്റവും ഉയർന്ന തലത്തിലേക്കുള്ള പ്രയാണമാണ് സാധന. ആ സാധനാമാർഗ്ഗങ്ങളാണ് തന്ത്രശാസ്ത്രത്തിന്റെ പ്രധാന പരാമർശവിഷയം. ബോധത്തിന്റെ പ്രാഥമികാവസ്ഥയെ നമുക്ക് അൽപ്പാഹംബോധമെന്നു വിളിക്കാം. കാരണം നാമോരോരുത്തരും ശാരീരിക മാനസികബൌദ്ധിക തലങ്ങളിൽ വളരെയധികം പരിമിതിയുള്ളവരാണ്. ഈ പരിമിതികളെ മനസ്സിലാക്കി അതിലൂടെ സഞ്ചരിച്ച് അറിയേണ്ടിയിരിക്കുന്ന ഉയർന്ന അവസ്ഥയാണ് വിഷ്ണു എന്നത്. ഇവിടെ ഈ വിഷ്ണുവിനെ നമുക്ക് പൂർണ്ണാഹംബോധമെന്നു വിളിക്കാം. ആ പൂർണ്ണാഹംബോധസ്വരൂപനായുള്ള വിഷ്ണുവിനെ സംബന്ധിച്ചത് എന്നാണ് വൈഷ്ണവമെന്ന വാക്കിനർത്ഥം. അപ്പോൾ ഞാനെന്ന അൽപ്പാഹംബോധത്തിൽ നിന്നും വിഷ്ണുവെന്ന ദിവ്യമായ പൂർണ്ണാഹംബോധത്തിലേക്കുള്ള വളർച്ചക്കായുള്ള വഴികളെപ്പറ്റി മനസ്സിലാക്കലാണ് താന്ത്രിക വൈഷ്ണവദർശനമെന്ന ഈ പഠനത്തിന്റെ ഉദ്ദേശം.

# സരമ



ഞങ്ങളുടെ എല്ലാ ഉയർച്ചകളിലും താഴ്ചകളിലും സുഖദുഃഖങ്ങളിലും ആദ്ധ്യാത്മിക സാധനകളിലും ചർച്ചകളിലും ഒരു മൂകസാന്നിദ്ധ്യമായി നിഴലായി ഞങ്ങളുടെ കൂടെ കഴിഞ്ഞപതിനൊന്നരവർഷമായി ഉണ്ടായിരുന്നവളും ഞങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടവളുമായിരുന്ന സരമ മെയ് 7 ശനിയാഴ്ച രാവിലെ അഞ്ചുമണിക്കും അഞ്ചേ അഞ്ചിനുമിടയിൽ ശിവപദം പ്രാപിച്ച വിവരം നിങ്ങളെ എല്ലാവരേയും വ്യസനസമേതം അറിയിക്കുന്നു. ഏതൊരു ബോധമാണോ ഇക്കാണുന്നതെല്ലാം ആയിത്തീർന്നത് അതേ ബോധം സരമയെന്ന വിശേഷരൂപം പൂണ്ട് ഇക്കാലമത്രയും ഒരത്ഭുത സാന്നിദ്ധ്യമായി ഞങ്ങളിലൊരാളായി കാലമടുത്തപ്പോൾ വിശേഷരൂപം വെടിഞ്ഞ് പൂർണ്ണബോധരൂപമായി മാറിയെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സരമയുടെ പാവനസ്മരണയ്ക്കുമുന്നിൽ ശ്രീപുരം ട്രസ്റ്റിലെ അംഗങ്ങളുടെ കണ്ണീരിൽ കുതിർന്ന ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.



RNI Registration Number – KERMAL/2012/56910

## ശ്രീമദ്ദേവീഭാഗവതവിമർശം

## ശ്രീമഹാഭാഗവതം

## കാശ്മീരശൈവദർശനപ്രവേശിക

## താന്ത്രികവൈഷ്ണവദർശനം

youtube.com/shripuram SUBSCRIBE

facebook.com/ShripuramTrust FOLLOW



Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712.
Editor: D.Prakash

ISSN:2583-2484

*Scan the QR code for free download*